**ഭാരതീയ റിസർവ്വ് ബാങ്ക്**
**www.rbi.org.in**

RBI/2019-20/05
എഫ്ഐഡിഡി. ജി.എസ്.എസ്.ഡി.സിഓ.ബിസി.നം.01/09.16.03/2019-20

ജൂലൈ 1, 2019

ചെയർമാൻ & മാനേജിങ് ഡയറക്ടർ/ സി.ഇ.ഒ.
എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും
ചെറുകിട ധനകാര്യ ബാങ്കുകളും.

മാഡം/ പ്രിയപ്പെട്ട സർ,

**ദീൻ ദയാൽ അന്ത്യോദയ യോജന - ദേശിയ നഗര ഉപജീവന മാർഗ്ഗ മിഷൻ (ഡി.എ.വൈ - എൻ.യു.എൽ.എം)**

ദീൻ ദയാൽ അന്ത്യോദയ പദ്ധതി - ദേശീയ **നഗര** ഉപജീവന മാർഗ്ഗ മിഷൻ സംബന്ധമായ ക്രോഡീകരിച്ച മാർഗ്ഗരേഖകളും നിർദ്ദേശങ്ങളും അടങ്ങിയ 2018 ഡിസംബർ 06 ലെ FIDD/GSSD/CO.BC.No.11/09.16.03/2018-19 നമ്പർ ആയി വാണിജ്യ ബാങ്കുകൾക്ക് അയച്ചിട്ടുള്ള മാസ്റ്റർ സർക്കുലർ ദയവായി കാണുക.

2. ഈ വിഷയം സംബന്ധിച്ച് 2019 ജൂൺ 30 വരെ റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ (അനുബന്ധത്തിൽ സൂചിപ്പിട്ടുള്ളവ) കൂടി ചേർത്ത് അനുയോജ്യമായ രീതിയിൽ പ്രസ്തുത മാസ്റ്റർ സർക്കുലർ പുതുക്കിയിരിക്കുകയാണ്. ഈ പുതുക്കിയ മുഖ്യ സർക്കുലർ ഭാരതീയ റിസർവ്വ് ബാങ്കിന്റെ വെബ് സൈറ്റായ https://www.rbi.org.in ൽ ചേർത്തിട്ടുണ്ട്.

വിശ്വസ്തതയോടെ

(സൊണാലി സെൻ ഗുപ്ത)
ചീഫ് ജനറൽ മാനേജർ

# മുഖ്യ സർക്കുലർ: ദീൻ ദയാൽ അന്ത്യോദയ യോജന - ദേശിയ നഗര ഉപജീവന മാർഗ്ഗ മിഷൻ (DAY-NULM)

## പശ്ചാത്തലം

ഭാരത സർക്കാരിന്റെ ഭവന-നാഗരിക ദാരിദ്ര്യ നിർമാർജന മന്ത്രാലയം നിലവിലുണ്ടായിരുന്ന സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (SJSRY) പുനഃസംഘടിപ്പിക്കുകയും 2013 സെപ്തംബർ 24 ന് ദേശിയ നഗര ഉപജീവന മാർഗ്ഗ മിഷൻ (എൻ.യു.എൽ.എം.) സമാരംഭിക്കുകയും ചെയ്തു. അന്ന് മുതൽ ഒരു ലക്ഷമോ കൂടുതലോ ജനസംഖ്യയുള്ള നഗരങ്ങളിലും എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും (ജനസംഖ്യ നോക്കാതെ) എൻ.യു.എൽ.എം. നടപ്പാക്കിക്കൊണ്ടിരിക്കയാണ്.

എൻ.യു.എൽ.എം ന്റെ സ്വയം തൊഴിൽ പരിപാടി (എസ്.ഇ.പി.) ശ്രദ്ധ ഊന്നുന്നത് നഗര ദരിദ്രരുടെ സ്വയം സഹായ സംഘങ്ങൾക്കും വ്യക്തികളുടെയും സംഘങ്ങളുടെയും സംരംഭങ്ങൾക്കും വായ്പാ പലിശ ഇളവ് നൽകുന്നതിലൂടെയുള്ള ധനസഹായം ലഭ്യമാക്കുന്നതിലാണ്. മുൻപ് എസ.ജെ.എസ്.ആർ.വൈ. യ്ക്ക് കീഴിൽ ഉള്ള യു.എസ്.ഇ.പി.യ്ക്കും യു.ഡബ്ല്യു.എസ്.പി. യ്ക്കും നൽകിയിരുന്ന മൂലധന ഇളവ് സഹായത്തിനു പകരം വ്യക്തിഗത സംരംഭങ്ങൾക്കും (എസ്.ഇ.പി-ഐ) സംഘ സംരംഭങ്ങൾക്കും (എസ്.ഇ.പി-ജി) സ്വയം സഹായ സംഘങ്ങൾക്കും (എസ്.ഇ.പി.-എസ്.എച്ച്.ജി.കൾ) വായ്പകളിന്മേൽ പലിശയിളവ് സഹായം നൽകുകയാണ് ഇപ്പോൾ ചെയ്യുന്നത്. നഗരപ്രദേശങ്ങളിലെ ദരിദ്രർക്ക് ഉപജീവന മാർഗ്ഗ അവസരങ്ങൾ മെച്ചപ്പെടുത്തുക എന്ന കാഴ്ചപ്പാടോടുകൂടി കേന്ദ്ര ഭവന-നഗര ദാരിദ്ര്യ നിർമാർജ്ജന മന്ത്രാലയം (യു.പി.എ.ഡിവിഷൻ) അവരുടെ 2016 ഫെബ്രുവരി 19 ലെ ഓഫീസ് മെമ്മോറാണ്ടം നമ്പർ കെ-14011/2/2012-UPA/FTS-5196 പ്രകാരം തീരുമാനിച്ചിട്ടുള്ളത് ദേശിയ നഗര ഉപജീവനമാർഗ്ഗ മിഷന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനാണ്. വർധിത വ്യാപ്തിയോടു കൂടിയ മിഷൻ **"ദീൻ ദയാൽ അന്ത്യോദയ യോജന-ദേശിയ നഗര ഉപജീവനമാർഗ്ഗ മിഷൻ (DAY-NULM)"** എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടു.

DAY-NULM ന്റെ സ്വയം തൊഴിൽ പരിപാടി (SEP) ഘടകത്തിന്റെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ താഴെ കൊടുത്തിട്ടുള്ളത് പോലെയാണ്.

## 1. മുഖവുര:

1.1 തെരുവു കച്ചവടക്കാർ/ ലാഭകരമായ സ്വയം തൊഴിൽ ഉദ്യമങ്ങൾ തുടങ്ങുന്നതിന് തയ്യാറുള്ള നഗരത്തിലെ ദരിദ്രരായ വഴിയോര കച്ചവടക്കാർ/ സൂക്ഷ്മ സംരംഭങ്ങൾ എന്നിവർ കൂടി ഉൾപ്പെടുന്ന വ്യക്തികൾക്കും സംഘങ്ങൾക്കും അവരുടെ വൈദഗ്ദ്ധ്യം, പരിശീലനം, അഭിരുചി, പ്രാദേശിക സ്ഥിതി ഇവയ്ക്കു യോജിച്ച വിധത്തിൽ എസ്.ഇ.പി.(SEP) ധന സഹായം നൽകുന്നു. ഈ പരിപാടി നഗരത്തിലെ പാവങ്ങളുടെ സ്വയം സഹായ സംഘങ്ങൾക്ക് എളുപ്പത്തിൽ ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നതിനും എസ്എച്ച്ജി. വായ്പകൾക്ക് പലിശ ഇളവ് ലഭിക്കുന്നതിനും അവരെ സഹായിക്കുന്നു. തങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾക്കുവേണ്ടി സൂക്ഷ്മ

സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മുകളിൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് വേണ്ട സാങ്കേതിക വിദ്യ, വിപണനം, പിന്തുണ നൽകുന്ന മറ്റു സഹായങ്ങൾ എന്നീ സേവനങ്ങളിൽ എസ്.ഇ.പി.(SEP) ശ്രദ്ധ കേന്ദ്രീകരിക്കുകയും സംരംഭകരുടെ പ്രവർത്തന മൂലധന ആവശ്യത്തിനായി ക്രെഡിറ്റ് കാർഡ് ലഭ്യമാക്കൽ എളുപ്പമാക്കുകയും ചെയ്യുന്നതായിരിക്കും.

1.2. തദ്ദേശീയമായി ഗണ്യമായ ആവശ്യക്കാരുള്ള നിർമ്മാണ, സേവന, ചെറുകിട വ്യാപാര സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ഭാഗിക തൊഴിലുള്ളവരും തൊഴിൽരഹിതരും പ്രോത്സാഹിപ്പിക്കപ്പെടുന്നതായിരിക്കും. തദ്ദേശീയ വൈദഗ്ധ്യങ്ങളും, കരകൗശലങ്ങളും പ്രത്യേകിച്ച് പ്രോത്സാഹിപ്പിക്കപ്പെടണം. ഓരോ നാഗരിക തദ്ദേശ സ്ഥാപനവും (യു.എൽ.ബി.) ലഭ്യമായ വൈദഗ്ധ്യങ്ങൾ, ഉൽപന്നങ്ങളുടെ വിപണന സാധ്യത, ചെലവുകൾ, സാമ്പത്തിക അതിജീവന കഴിവ് മുതലായവ പരിഗണിച്ച് ഇത്തരം പ്രവൃത്തികളുടെ/ പദ്ധതികളുടെ ഒരു സംക്ഷേപം വികസിപ്പിച്ചെടുക്കണം.

1.3. എസ്.ഇ.പി. (SEP) യ്ക്ക് കീഴിലുള്ള ഗുണഭോക്താക്കളിൽ 30 ശതമാനത്തിൽ കുറയാതെ സ്ത്രീകളുണ്ടായിരിക്കണം. പട്ടികജാതിക്കാരും, പട്ടിക വർഗ്ഗക്കാരും ഏറ്റവും കുറഞ്ഞത് നഗരത്തിലെ ദരിദ്ര ജനങ്ങളുടെ സംഖ്യയുടെ അനുപാതത്തോളം എങ്കിലും ഗുണഭോക്താക്കളായിരിക്കണം. ഭിന്നശേഷിക്കാർക്ക് ഈ പദ്ധതിക്ക് കീഴിൽ 3(മൂന്ന്) ശതമാനം സംവരണം ലഭിക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥ സൃഷ്ടിക്കണം. പ്രധാന മന്ത്രിയുടെ 15 ഇന ന്യൂനപക്ഷ ക്ഷേമ പരിപാടിയുടെ വെളിച്ചത്തിൽ ഈ ഘടകത്തിന്റെ കീഴിലുള്ള ഭൗതിക/ സാമ്പത്തിക ലക്ഷ്യങ്ങളുടെ ഏറ്റവും കുറഞ്ഞത് 15 ശതമാനമെങ്കിലും ന്യൂനപക്ഷ സമുദായങ്ങൾക്ക് വേണ്ടി നീക്കിവെയ്ക്കേണ്ടതാണ്.

## 2. ഗുണഭോക്താവിനെ തെരഞ്ഞെടുക്കലും അപേക്ഷ സമർപ്പണത്തിനുള്ള നടപടിക്രമവും.

സാമൂഹ്യ സംഘാടകരും (COs) നാഗരിക തദ്ദേശ സ്ഥാപനത്തിൽ നിന്നുള്ള പ്രത്യേക തൊഴിൽ വിദഗ്ധരും ചേർന്ന് നാഗരിക ദരിദ്രരിൽ നിന്നുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതായിരിക്കും. ഡി.എ.വൈ.-എൻ.യു.എൽ.എം.ന്റെ ഭാഗമായ സാമൂഹ്യ സമാഹരണവും സ്ഥാപന വികാസവും എന്നതിന്റെ കീഴിൽ രൂപീകൃതമാകുന്ന സാമൂഹ്യ സംഘങ്ങൾ, അതായത്, സ്വയം സഹായ സംഘങ്ങൾ (SHGs), ഏരിയ ലവൽ ഫെഡറേഷനുകൾ എന്നിവർക്കും എസ്.ഇ.പി.(SEP) ധനസഹായത്തിനുവേണ്ടി പിൽക്കാല വ്യക്തിഗത/ സംഘ സംരംഭകരെ യു.എൽ.ബി.യിലേക്ക് നിർദ്ദേശിക്കാവുന്നതാണ്. ഗുണഭോക്താക്കൾക്ക് ധന സഹായത്തിനായി നേരിട്ട് യു.എൽ.ബി.യെ അല്ലെങ്കിൽ അവരുടെ പ്രതിനിധികളെ സമീപിക്കാവുന്നതാണ്. ബാങ്കുകൾക്കും ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തു യു.എൽ.ബി.യിലേക്ക് നേരിട്ട് അയക്കാവുന്നതാണ്. കൂടാതെ ബാങ്കുകൾക്ക് അവരുടെ പട്ടികയിൽ പേരുള്ള ബിസിനസ് കറസ്പോണ്ടെന്റുകളെയും (BCs) ബിസിനസ് ഫെസിലിറ്റേറ്റെർസ് (BFs)നെയും ഉപയോഗിച്ച് ബാഹ്യവ്യാപനം വർദ്ധിപ്പിക്കാവുന്നതുമാണ്. ഇക്കാര്യത്തിൽ ബാങ്കിന്റെ നയമനുസരിച്ചു വേണ്ടത്ര ജാഗ്രത പുലർത്തേണ്ടതുണ്ട്.

2.1. വ്യക്തിഗത സംരംഭങ്ങൾക്ക് വേണ്ടിയുള്ള വായ്പാ അപേക്ഷകൾ ബന്ധപ്പെട്ട തദ്ദേശ യു.എൽ.ബി. വഴി സമർപ്പിക്കുന്നതായിരിക്കും.

2.2. പൊതു മാധ്യമങ്ങൾ വഴിയുള്ള പ്രചാരണം, വിവര വിദ്യാഭ്യാസ ആശയ വിനിമയ (IEC) പ്രവർത്തനങ്ങൾ, തദ്ദേശീയ ദിന പത്ര പരസ്യങ്ങൾ, സിറ്റി ഉപജീവന മാർഗ്ഗ കേന്ദ്രങ്ങൾ മുതലായവ വഴി, സ്വയം തൊഴിൽ പരിപാടിയെകുറിച്ച് നാഗരിക തദ്ദേശ സ്ഥാപനം (ULB) പിൽക്കാല ഗുണഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ടതാണ്. യു.എൽ.ബി. അതിന്റെ നിർവഹണ ഉദ്യോഗസ്ഥരുടെയും റിസോഴ്സ് സംഘടനകളുടെയും സജീവ പങ്കാളിത്തത്തിലൂടെ ഇക്കാര്യത്തെ സംബന്ധിക്കുന്ന വിവരങ്ങൾ വ്യാപിപ്പിക്കേണ്ടതാണ്.

2.3. ഒരു സംരംഭം തുടങ്ങുവാൻ ധനസഹായം ലഭിക്കുന്നതിന് ആഗ്രഹിക്കുന്ന ഗുണഭോക്താക്കൾക്ക് അക്കാര്യം ഒരു പ്ലെയിൻ പേപ്പറിൽ പേര്, വയസ്സ്, സമ്പർക്കവിവരങ്ങൾ, മേൽവിലാസം, ആധാർ വിവരങ്ങൾ (ഉണ്ടെങ്കിൽ), ആവശ്യമുള്ള വായ്പ തുക, ബാങ്ക് അക്കൗണ്ട് നമ്പർ (ഉണ്ടെങ്കിൽ) സംരംഭത്തിന്റെ/ പ്രവൃത്തിയുടെ തരം, വിഭാഗം തുടങ്ങിയ കാര്യങ്ങൾ സഹിതം എഴുതി ബന്ധപ്പെട്ട യു.എൽ.ബി.യ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. മെയിൽ/ പോസ്റ്റ് വഴിയും അപേക്ഷ നൽകാവുന്നതാണ്. വർഷം മുഴുവനും ഇത്തരം അപേക്ഷകൾ യു.എൽ.ബി. സ്വീകരിക്കുന്നതായിരിക്കും.

2.4. ഡി.എ.വൈ.-എൻ.യു.എൽ.എം. ന്റെ ഭാഗമായ സാമൂഹ്യ സമാഹരണവും സ്ഥാപന വികാസവും എന്ന ആശയത്തിന് കീഴിൽ രൂപീകൃതമാകുന്ന സാമൂഹ്യ സംഘങ്ങൾ, അതായത്, സ്വയം സഹായ സംഘങ്ങൾ (SHGs)/ ഏരിയ ലവൽ ഫെഡറേഷനുകൾ (ALFs) എന്നിവർക്കും എസ്.ഇ.പി.(SEP) ധനസഹായത്തിനുവേണ്ടി പിൽക്കാല വ്യക്തിഗത/ സംഘ സംരംഭകരെ യു.എൽ.ബി.യിലേക്ക് നിർദ്ദേശിക്കാവുന്നതാണ്.

2.5. ഗുണഭോക്താവ് തന്റെ ഉദ്ദേശ്യം എഴുതി സമർപ്പിച്ചാലുടൻ ബന്ധപ്പെട്ട യു.എൽ.ബി. അതിലുള്ള വിശദ വിവരങ്ങൾ ഒരു രജിസ്റ്ററിൽ എഴുതിയിട്ടോ അല്ലെങ്കിൽ എം.ഐ.എസ്.(MIS) ഉണ്ടെങ്കിൽ അതിൽ ചേർത്തിട്ടോ ഗുണഭോക്താക്കളുടെ ഒരു കാത്തിരിപ്പു പട്ടിക തയ്യാറാക്കേണ്ടതാണ്. യു.എൽ.ബി. ഒരു സവിശേഷ രജിസ്ട്രേഷൻ നമ്പറോട് കൂടിയ ഒരു കൈപ്പറ്റു ചീട്ടു ഗുണഭോക്താവിന് നൽകേണ്ടതാണ്. ഈ സവിശേഷ നമ്പർ അപേക്ഷയുടെ സ്ഥിതി അറിയുന്നതിനുള്ള ഒരു പരാമർശ നമ്പറായി ഉപയോഗിക്കാവുന്നതാണ്.

2.6. വായ്പാ അപേക്ഷാ ഫോറം (LAF) പൂരിപ്പിക്കാൻ പ്രവൃത്തിയുടെ വിശദ വിവരങ്ങൾ, തിരിച്ചറിയൽ രേഖ, മേൽവിലാസ രേഖ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, തുടങ്ങിയവ ഉൾപ്പെടെയുള്ള അവശ്യ രേഖകൾ പൂർത്തിയാക്കുന്നതിനായി യു.എൽ.ബി. കാത്തിരിപ്പു പട്ടികയിലെ ക്രമമനുസരിച്ച് ഗുണഭോക്താക്കളെ വിളിക്കുന്നതായിരിക്കും. ഗുണഭോക്താവിന്റെ അനന്യത പരിശോധിക്കുന്നതിനായി ആ വ്യക്തിയുടെ ആധാർ നമ്പറും രേഖയിൽ ഉൾപ്പെടുത്തുന്നതായിരിക്കും. ഗുണഭോക്താവിന് ആധാർ നമ്പർ ഇല്ലാത്തപക്ഷം ആ വ്യക്തിയുടെ വോട്ടർ തിരിച്ചറിയൽ കാർഡ്,

ഡ്രൈവിംഗ് ലൈസൻസ്, മുതലായ മറ്റേതെങ്കിലും സവിശേഷ തിരിച്ചറിയൽ രേഖ വാങ്ങേണ്ടതും എത്രയും പെട്ടെന്ന് ആ വ്യക്തിയ്ക്ക് ആധാർ കാർഡ് ലഭിക്കുന്നതിനുവേണ്ട സഹായം ചെയ്തു കൊടുക്കേണ്ടതുമാണ്. സംസ്ഥാന നാഗരിക ഉപജീവന മാർഗ്ഗ മിഷൻ (എസ്.യു.എൽ.എം.), എസ്.എൽ.ബി.സി. കൺവീനർ ബാങ്കുമായി കൂടിയാലോചിച്ച് അനുയോജ്യമായ രൂപരേഖയിലുള്ള ഒരു അപേക്ഷാ ഫോറം ഉണ്ടാക്കിയെടുക്കേണ്ടതാണ്. ഒരേ രൂപത്തിലുള്ള എൽ.എ.എഫ്.ആയിരിക്കണം സംസ്ഥാനം/ യൂണിയൻ ടെറിട്ടറി മുഴുവനും ഉപയോഗിക്കേണ്ടത്. ഗുണഭോക്താവിന്റെയും കുടുംബത്തിന്റെയും സാമ്പത്തിക നിലയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ വായ്പാ അപേക്ഷയിൽ ഉണ്ടായിരിക്കും. ഈ വിവരങ്ങൾ ഗുണഭോക്താവിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ ആ വ്യക്തിയുടെ സാമ്പത്തിക നിലയിൽ ഉണ്ടാക്കുന്ന അനന്തര ഫലങ്ങൾ എന്നിവ പിന്നീട് വിശകലനം ചെയ്യുന്നതിന് ഉപയോഗിക്കാൻ പറ്റിയതായിരിക്കും.

2.7. യു.എൽ.ബി. തലത്തിൽ രൂപീകരിച്ച ഒരു പ്രവർത്തക സംഘം (Task Force) പരിചയം, വൈദഗ്ദ്ധ്യം, പ്രവൃത്തിയുടെ അതിജീവന കഴിവ്, പ്രവൃത്തിയുടെ വ്യാപ്തി തുടങ്ങിയ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തേണ്ടതാണ്. അതിനുശേഷം അപേക്ഷകൾ ശുപാർശ ചെയ്യുന്നതിനോ തള്ളുന്നതിനോ മുൻപ് പ്രവർത്തക സംഘം അപേക്ഷകളുടെ ഒരു ചുരുക്കപ്പട്ടിക തയ്യാറാക്കുകയും അപേക്ഷകരെ അഭിമുഖ പരിശോധനയ്ക്കു വിളിക്കുകയും അല്ലെങ്കിൽ ആവശ്യമെന്നു കണ്ടാൽ അപേക്ഷകരിൽ നിന്നും അധിക വിവരങ്ങൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

2.8.യു.എൽ.ബി.യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ മുൻസിപ്പൽ കമ്മീഷണർ പ്രവർത്തക സംഘ രൂപീകരണത്തിന്റെ ഉത്തരവാദിത്തം എടുക്കേണ്ടതും അതിന്റെ ചെയർമാൻ ആയിരിക്കേണ്ടതും ആകുന്നു. യു.എൽ.ബി.യുടെ വലുപ്പം/ ജനസംഖ്യ എന്നിവ കണക്കിലെടുത്തു യു.എൽ.ബി. തലത്തിൽ ഒന്നിൽ കൂടുതൽ പ്രവർത്തക സംഘങ്ങൾ ഉണ്ടാകാം.

2.9. ഒരു പ്രവർത്തക സംഘത്തിന്റെ സൂചക ഘടന താഴെ കാണിച്ചിരിക്കുന്നു.

| **ക്രമ നമ്പർ** | **യു.എൽ.ബി.തല പ്രവർത്തക സംഘം** | **പങ്ക്/ ചുമതല** |
|---|---|---|
| 1. | യു.എൽ.ബി മുഖ്യ നിർവ്വഹണ അധികാരി (CEO)/ മുൻസിപ്പൽ കമ്മിഷണർ അല്ലെങ്കിൽ സിഇഒ, യു.എൽ.ബി. അധികാരപ്പെടുത്തിയ ഒരു പ്രതിനിധി. | ചെയർമാൻ |
| 2. | ലീഡ് ഡിസ്ട്രിക്ട് മാനേജർ | അംഗം |
| 3. | സിറ്റി പ്രൊജക്റ്റ് ഓഫീസർ(CPO), യു.എൽ.ബി. അല്ലെങ്കിൽ യു.എൽ.ബി. യുടെ അധികാരപ്പെടുത്തിയ ഒരു പ്രതിനിധി. | അംഗം കൺവീനർ |
| 4. | ജില്ലാ വ്യവസായ കേന്ദ്രത്തിൽ(DIC) നിന്നുള്ള പ്രതിനിധി | അംഗം |
| 5. | ബാങ്കുകളുടെ സീനിയർ ബ്രാഞ്ച് മാനേജേർസ് (Max-2) | അംഗം |
| 6. | ഏരിയ ഫെഡറേഷന്റെ/ സിറ്റി തല ഫെഡറേഷന്റെ പ്രതിനിധി. | അംഗം |

2.10. അതിനുശേഷം പ്രവർത്തക സംഘം (Task Force) ഉചിതമായ അപേക്ഷകളെ ശുപാർശ ചെയ്യുകയും അനുചിതമെന്നു കണ്ടാൽ തള്ളുകയോ പുനഃപരിശോധനയ്ക്കായി ഗുണഭോക്താവിനോട് ആവശ്യമുള്ള കൂടുതൽ വിവരങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയോ ചെയ്യും.

2.11 പ്രവർത്തക സംഘം (Task Force) ശുപാർശ ചെയ്ത കേസുകൾ മേൽ നടപടികൾക്കായി യു.എൽ.ബി. ബന്ധപ്പെട്ട ബാങ്കിന് അയച്ചു കൊടുക്കുന്നതാണ്. 15 ദിവസത്തിനകം മേൽ നടപടികൾ പൂർത്തിയാക്കണം. പ്രവർത്തക സംഘം (Task Force) ശുപാർശ ചെയ്ത കേസുകൾ സവിശേഷ സാഹചര്യങ്ങളിൽ മാത്രമേ ബാങ്കുകൾ തള്ളാറുള്ളു.

2.12. കിട്ടിയ അപേക്ഷകളുടെ സ്ഥിതി സംബന്ധിച്ച ഒരു ആനുകാലിക റിപ്പോർട്ട് ബാങ്കുകൾ യു.എൽ.ബി.ക്കു അയക്കുന്നതായിരിക്കും. MIS ഉപയോഗത്തിലുണ്ടെങ്കിൽ റിപ്പോർട്ട് അയക്കുന്നത് കൂടാതെ ഓൺലൈനായി അപേക്ഷകളുടെ സ്ഥിതി നാളതീകരിക്കാനും ബാങ്കുകളെ അനുവദിക്കുകയും ചെയ്യും.

2.13. പ്രധാന മന്ത്രി മുദ്രാ യോജന (PMMY) യുടെ അല്ലെങ്കിൽ അതുപോലുള്ള മറ്റു പരിപാടികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രസക്ത രേഖകളുടെ അടിസ്ഥാനത്തിൽ നാഗരിക ദരിദ്ര ഗുണഭോക്താക്കളുടെ വായ്പാ അപേക്ഷകൾ ബാങ്കുകൾക്ക് നേരിട്ട് സ്വീകരിക്കുകയുമാകാം. DAY-NULM നു കീഴിൽ പലിശ ഇളവിനുള്ള അർഹത സ്ഥിരീകരിക്കുന്നതിനായി ബാങ്കുകൾ, അവർ നേരിട്ട് അനുവദിക്കുന്ന അത്തരം വായ്പകളുടെ വിശദ വിവരങ്ങൾ യു.എൽ.ബി.ക്കു അയച്ചു കൊടുക്കേണ്ടതാകുന്നു. ഇങ്ങനെയുള്ള അപേക്ഷകൾ മറ്റു വിധത്തിൽ മാനദണ്ഡങ്ങൾ പാലിക്കുന്നു എങ്കിൽ പ്രവർത്തക സംഘം അവയെ എളുപ്പത്തിൽ അനുവദിച്ചു നൽകേണ്ടതാണ്. അവരുടെ അർഹത സ്ഥിരീകരിച്ചാൽ യു.എൽ.ബി.കൾ ശുപാർശ ചെയ്തയക്കുന്ന മറ്റുള്ള അപേക്ഷകരെ സംബന്ധിക്കുന്ന അതെ രൂപത്തിൽ തന്നെ പലിശ ഇളവ് യു.എൽ.ബി. കളിൽ നിന്നും അവകാശപ്പെടേണ്ടതാണ്. പലിശ ഇളവ് DAY-NULM ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് മാറ്റേണ്ടതാണ്. ഈ നടപടി നേരിട്ട് ആനുകൂല്യം കൈമാറ്റം ചെയ്യുന്ന രീതിയുമായി ഒത്തുപോകുതുമായിരിക്കും.

## **3. വിദ്യാഭ്യാസ യോഗ്യതകളും പരിശീലനത്തിന്റെ ആവശ്യകതയും**:

ഈ പരിപാടിക്ക് കീഴിൽ ഭാവി ഗുണഭോക്താക്കൾക്ക് കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ആവശ്യപ്പെടുന്നില്ല. എന്നാൽ, സൂക്ഷ്മ സംരംഭ വികസനത്തിനുവേണ്ടി തിരിച്ചറിഞ്ഞ പ്രവൃത്തിക്ക് പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമുണ്ടെങ്കിൽ ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനു pമുൻപായി ഉചിതമായ പരിശീലനം ലഭ്യമാക്കിയിരിക്കണം.

### **3.1.നൈപുണ്യ പരിശീലനത്തിലൂടെയും ചുമതല ഏൽപിക്കലിലൂടെയും തൊഴിൽ നൽകൽ:**

ഉദ്ദേശിക്കുന്ന സൂക്ഷ്മ സംരംഭം നടത്തിക്കൊണ്ടു പോകുന്നതിന് ആവശ്യമായ വൈദഗ്ദ്ധ്യം സ്വായത്തമാക്കിയതിനു ശേഷം മാത്രമേ ഭാവി ഗുണഭോക്താവിന് ധനസഹായം അനുവദിക്കാൻ പാടുള്ളു. എന്നാൽ, ഗുണഭോക്താവ്

അറിയപ്പെടുന്ന ഒരു സ്ഥാപനത്തിൽ നിന്നോ രജിസ്റ്റർ ചെയ്ത സർക്കാരിതര സംഘടനയിൽ നിന്നോ/ സന്നദ്ധ സംഘടനയിൽ നിന്നോ അതുമല്ലെങ്കിൽ ഏതെങ്കിലും സർക്കാർ പരിപാടിയിൻ കീഴിലോ മുൻപേ തന്നെ പരിശീലനം നേടുകയും അതിനായി സാക്ഷ്യപത്രം ഹാജരാക്കുകകയും ചെയ്യുന്നു എങ്കിൽ ഇത്തരം പരിശീലനത്തിന്റെ ആവശ്യമുണ്ടാകുന്നില്ല. കുടുംബ തൊഴിലിൽ വേണ്ടത്ര വൈദഗ്ദ്ധ്യം നേടിയ ഗുണഭോക്താവിന്റെ കാര്യത്തിൽ ധനസഹായം നൽകുന്നതിന് മുൻപായി ഇക്കാര്യത്തിൽ യു.എൽ.ബി.യുടെ സാക്ഷ്യപ്പെടുത്തൽ ഉണ്ടായിരിക്കുക തന്നെ വേണം.

**3.2. സംരംഭകത്വ വികസന പരിപാടി (EDP):** ഗുണഭോക്താവിന്റെ നൈപുണ്യ പരിശീലനത്തിന് പുറമെ സാരംഭകരായിട്ടുള്ള വ്യക്തികൾക്കും സംഘങ്ങൾക്കും വേണ്ടി 3 മുതൽ 7 വരെ ദിവസം നീളുന്ന സംരംഭകത്വ വികസന പരിപാടി നടത്തുന്നതിന് യു.എൽ.ബി. ഏർപ്പാടാക്കേണ്ടതാണ്. സംരംഭകത്വ വികസനത്തിന്റെ അടിസ്ഥാന കാര്യങ്ങളായ സംരംഭം നടത്തിപ്പ്, ധനകാര്യ നിർവ്വഹണം, അടിസ്ഥാന അക്കൗണ്ടിംഗ്, വിപണനം, ബാക്ക്വേഡ്- ഫോർവേഡ് ലിങ്കേജുകൾ, നിയമ നടപടികൾ, കോസ്റ്റിംഗ്, വരുമാനം മുതലായവയെല്ലാം ഉൾപ്പെട്ടതാണ് ഇ.ഡി.പി.(EDP). ഇവയ്ക്കു പുറമെ പ്രസ്തുത പ്രോഗ്രാം മൊഡ്യൂളിൽ സംഘ സംരംഭങ്ങൾക്ക് വേണ്ടി ഗ്രൂപ്പ് ഡൈനാമിക്സ്, പ്രവൃത്തി വിഭജനം, ലാഭം പങ്കു വയ്ക്കൽ സംവിധാനം തുടങ്ങിയവയും ഉൾപ്പെടുത്തേണ്ടതാണ്.

**3.3.** EDP മൊഡ്യൂൾ വികസിപ്പിക്കേണ്ടതും അന്തിമ രൂപം നൽകേണ്ടതും സംസ്ഥാന മിഷൻ മാനേജ്മെന്റ് യൂണിറ്റിന്റെ (SMMU) പിന്തുണയോടെയും പട്ടികയിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനം/ ഏജൻസി അല്ലെങ്കിൽ വിദഗ്ദ്ധ ഉപദേശം നൽകുന്ന കൂടിയാലോചനാ സ്ഥാപനം എന്നിവരുടെ സഹായത്തോടെയും സംസ്ഥാന നാഗരിക ഉപജീവന മാർഗ്ഗ മിഷൻ (SULM) ആണ്. യു.എൽ.ബി നടത്തുന്ന പരിശീലന പരിപാടിക്ക് ഈ മൊഡ്യൂൾ ആണ് ഉപയോഗപ്പെടുത്തേണ്ടത്. ഗ്രാമീണ സ്വയം തൊഴിൽ പരിശീലന സ്ഥാപനങ്ങൾ (RSRTIs), സംരംഭകത്വ വികസനത്തിൽ/ പരിശീലനത്തിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ, മാനേജ്മെന്റ്/ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സംരംഭകത്വ വികസനത്തിൽ/ പരിശീലനത്തിൽ ഏർപ്പെട്ടിട്ടുള്ള സർക്കാരിതര സംഘടനകൾ (NGOs), തുടങ്ങിയ സ്ഥാപനങ്ങൾ വഴിയാണ് ഈ പരിശീലനം കൊടുക്കേണ്ടത്.

### 3.4. വ്യക്തിഗത/ സംഘമായിട്ടുള്ള സംരംഭകർക്കുള്ള തുടർ സംരംഭകത്വ പിന്തുണ:

സംഘമായിട്ടുള്ള വ്യക്തിഗത ഗുണഭോക്താക്കൾക്ക് വായ്പ നൽകിയ ശേഷം ആവശ്യമെന്നു തോന്നുന്ന സമയങ്ങളിൽ തുടർ സംരംഭകത്വ വികസന പരിപാടി നടത്തുന്നതിന് ULB ഏർപ്പാട് ചെയ്യുന്നതാണ്. വായ്പ നൽകിയിട്ടുള്ള ഓരോ ഗുണഭോക്താവിനും വേണ്ടി ആറു മാസത്തിലൊരിക്കൽ ഈ പരിപാടി നടത്തുന്നത് നല്ലതായിരിക്കും. തുടർ EDP യിൽ ഗുണഭോക്താക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതും അവയ്ക്കു പരിഹാരങ്ങൾ നൽകേണ്ടതുമാണ്.

## 4. ധന സഹായ മാതൃക:

നാഗരിക ദരിദ്രർക്ക് വ്യക്തിഗതമായോ, സംഘങ്ങളായോ സംരംഭങ്ങൾ തുടങ്ങുന്നതിന്‌ ധനസഹായം ലഭിക്കുന്നത് ബാങ്ക് വായ്പകൾക്കുള്ള പലിശ ഇളവിന്റെ രൂപത്തിലായിരിക്കും; 7% പലിശ നിരക്കിന് മുകളിലുള്ള ബാങ്ക് വായ്പയ്ക്കായിരിക്കും പലിശ ഇളവ് ലഭിക്കുക. 7% പ്രതിവർഷ നിരക്കിനും ബാങ്ക് ഈടാക്കുന്ന പലിശ നിരക്കിനും തമ്മിലുള്ള വ്യത്യാസമാണ് ULB യിൽ നിന്നും DAY-NULM നു കീഴിൽ ബാങ്കുകൾക്ക് കിട്ടുന്നത്. യഥാസമയം വായ്പ തിരിച്ചടക്കുന്നവർക്കു മാത്രമേ പലിശ ഇളവ് കൊടുക്കുകയുള്ളു. ഇതിനായി ULB ബാങ്കുകളിൽ നിന്നും ഉചിതമായ സാക്ഷ്യപ്പെടുത്തൽ വാങ്ങുന്നതാണ്. കൃത്യമായി വായ്പ തിരിച്ചടക്കുന്ന വനിതാ സ്വയം സഹായ സംഘങ്ങൾക്ക് (WSHGs) കൂടുതലായി 3% പലിശ ഇളവ് കൂടി അനുവദിക്കുന്നതായിരിക്കും. ഈ അധിക പലിശ ഇളവ് തുക അർഹരായ വനിതാ സ്വയം സഹായ സംഘങ്ങൾക്ക് മടക്കി കൊടുക്കുന്നതാണ്. അർഹരായ WSHG കളുടെ അക്കൗണ്ടുകളിൽ ബാങ്കുകൾ ഈ അധിക പലിശ ഇളവ് തുക വരവ് വച്ച ശേഷം വേണം തിരികെ ആവശ്യപ്പെടേണ്ടത്.

## 5. ബാങ്കുകൾക്ക് പലിശയിളവ് നൽകുന്നതിനുള്ള നടപടിക്രമം:

5.1. കോർ ബാങ്കിങ് സൊല്യൂഷൻ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും ചെറുകിട ധനകാര്യ ബാങ്കുകളും ഈ പദ്ധതിക്ക് കീഴിൽ പലിശ ഇളവ് ലഭിക്കുന്നതിന് അർഹരാണ്.

5.2. ഗുണഭോക്താക്കൾക്ക് വായ്പ വിതരണം നടത്തിയ ശേഷം ബന്ധപ്പെട്ട ബാങ്ക് ശാഖ അതിന്റെ വിശദവിവരങ്ങൾ, പലിശയിളവ് തുക സഹിതം, യു.എൽ.ബി. യ്ക്ക് അയച്ചു കൊടുക്കും.

## നടപടി ക്രമം I

5.3. നൽകിയ പലിശ ഇളവ് തുക തിരിച്ചു കിട്ടുന്നതിനുള്ള ബാങ്കുകളുടെ ക്ലെയിം ത്രൈമാസികാടിസ്ഥാനത്തിൽ യു.എൽ.ബി.കൾ തീർപ്പാക്കുന്നതാണ്. എന്നാൽ, ബാങ്കുകൾ ക്ലെയിം മാസാടിസ്ഥാനത്തിൽ സമർപ്പിക്കേണ്ടതാണ്. യു.എൽ.ബി. അതിലെ വസ്തുതകൾ പരിശോധിച്ച ശേഷം പലിശ ഇളവ് തുക (പ്രതി വർഷം 7% വും നിലവിലുള്ള പലിശ നിരക്കും തമ്മിലുള്ള വ്യത്യാസം) ബാങ്കുകൾക്ക് അനുവദിച്ചു നല്കണം.

5.4. ഈ പദ്ധതി പ്രകാരമുള്ള ബാങ്ക് വായ്പകൾക്ക് പലിശ ഇളവ് അവകാശപ്പെടുന്നതിനുള്ള നിർദ്ദിഷ്ട ഫാറത്തിന്റെ രൂപരേഖ അനുബന്ധം-1 ൽ ചേർത്തിരിക്കുന്നു.

5.5. ക്ലെയിമുകൾ തീർപ്പാക്കാൻ മൂന്നു മാസത്തിൽ കൂടുതൽ താമസം പാടില്ല. ബാങ്കുകൾ അവകാശപ്പെടുന്ന പലിശ ഇളവ് തുക യു.എൽ.ബി.കൾ ആറുമാസത്തിനകം നൽകിയില്ലെങ്കിൽ തെരെഞ്ഞെടുത്ത സിറ്റികളിൽ പദ്ധതി താത്കാലികമായി നിർത്തലാക്കുന്നതിനു എസ്.എൽ.ബി.സി.ക്ക് അധികാരമുണ്ട്. ഇങ്ങനെയുള്ള പ്രതിസന്ധിഘട്ടങ്ങളിൽ പിൽക്കാല ക്ലെയിംസ് തീർപ്പാക്കാൻ ലീഡ് ഡിസ്ട്രിക്ട് ബാങ്കിനെ ചുമതല ഏൽപിക്കേണ്ടതാണ്.

**നടപടി ക്രമം II**

5.6 ക്ലെയിംസ് തീർപ്പാക്കൽ: പലിശ ഇളവ് തുക നൽകുന്നതിനുള്ള ഏകോപന ഏജൻസി ഓരോ സംസ്ഥാനവും അതാതു എസ്.എൽ.ബി.സി. കൺവീനറുമായി കൂടിയാലോചിച്ച് ഒരു പൊതുമേഖലാ ബാങ്കിനെ ഏകോപന ബാങ്കായി ചുമതലപ്പെടുത്തേണ്ടതാണ്. എല്ലാ ബാങ്കുകളും അവരുടെ ശാഖകളിൽ നിന്നും ലഭിക്കുന്ന പലിശയിളവ് വിവരങ്ങൾ ഒന്നിച്ചാക്കി അതിനെ ഏകോപനം നടത്തുന്ന ബാങ്കിന്റെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം. പരിശോധനയ്ക്കുശേഷം ഏകോപന ബാങ്ക് പലിശ ഇളവ് തുക അതാതു ബാങ്ക് ശാഖകളിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതായിരിക്കും. സംസ്ഥാനം/ യൂണിയൻ ടെറിട്ടറി കുറച്ചു തുക മുൻകൂറായി ഏകോപന ബാങ്കിൽ നിക്ഷേപിക്കുകയും അത് DAY-NULM മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ബാങ്ക് ശാഖകൾക്ക് കൈമാറുകയും ചെയ്യും. ഏകോപനം നടത്തുന്ന ബാങ്ക്, പലിശ ഇളവ് തുക തിരികെ കൊടുത്തതിന്റെ കണക്ക് പതിവായി എസ്.യു.എൽ.എം-ന് സമർപ്പിക്കും. SEP-(I), SEP(G), SHG-ബാങ്ക് ലിങ്കേജ് എന്നീ മൂന്നു വിധ വായ്പകളുടെ കാര്യത്തിലും ഈ നടപടിക്രമം പിന്തുടരുന്നതാണ്.

**6. വ്യക്തിഗത സംരംഭങ്ങൾ(SEP-I) - വായ്പയും പലിശ ഇളവും**.

സ്വയം തൊഴിലിനായി വ്യക്തിഗത സൂക്ഷ്മ - സംരംഭം തുടങ്ങുവാൻ ആഗ്രഹിക്കുന്ന പാവപ്പെട്ട ഒരു നഗരവാസിയ്ക്ക് ഈ പദ്ധതിയിൻ കീഴിൽ പലിശയിളവോടുകൂടിയ വായ്പ എന്ന ആനുകൂല്യം ഏതു ബാങ്കിൽ നിന്നും പ്രയോജനപ്പെടുത്താവുന്നതാണ്. അത്തരം ബാങ്കുകളുടെ മാനദണ്ഡങ്ങളും പ്രത്യേക നിർദ്ദേശങ്ങളും താഴെ പറയുന്ന വിധമായിരിക്കും:

6.1. **പ്രായം:** വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ പിൽക്കാല ഗുണഭോക്താവിന് 18 വയസ്സ് തികഞ്ഞിരിക്കണം.

6.2. **പദ്ധതി ചെലവ് (PC):** ഒരു യൂണിറ്റിന്റെ ഏറ്റവും കൂടിയ പദ്ധതി ചെലവ് വ്യക്തിഗത സൂക്ഷ്മ-സംരംഭത്തിന് 2 ലക്ഷം രൂപയായിരിക്കും.

6.3. **ബാങ്ക് വായ്പയ്ക്ക് സമാന്തര ജാമ്യം:** സമാന്തര ജാമ്യം ആവശ്യമില്ല. 2010 മെയ് 6-)o തിയ്യതിയിലെ റിസർവ്വ് ബാങ്ക് സർക്കുലർ RPCD.SME&NFS.BC.No.79/06.02.31/2009-10 പ്രകാരം എം.എസ്.ഇ. വിഭാഗത്തിലെ യൂണിറ്റുകൾക്ക് നൽകിയിട്ടുള്ള 10 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ബാങ്കുകൾ സമാന്തര ജാമ്യം നിർബന്ധമായും ആവശ്യപ്പെടരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്., സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ മാത്രമേ വായ്പ നല്കാൻ പണയം ആയോ/ഈട് ആയോ ബാങ്കുകൾ ആവശ്യപ്പെടാവു. ഗ്യാരന്റി കവർ ലഭിക്കുവാൻ പ്രവൃത്തിയ്ക്കുള്ള അർഹത പ്രകാരം SEP വായ്പകൾക്ക് വേണ്ടി ഗ്യാരന്റി കവർ പ്രയോജനപ്പെടുത്തുവാനുള്ള ഉദ്ദേശ്യത്തിനായി ബാങ്കുകൾ ചെറുകിട വ്യവസായ വികസന ബാങ്ക് (SIDBI) സ്ഥാപിച്ചിട്ടുള്ള ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് ഫോർ മൈക്രോ ആൻഡ് സ്മാൾ എന്റർപ്രൈസസിനെ സമീപിക്കേണ്ടതാണ്.

6.4. **തിരിച്ചടവ്:** ബാങ്കുകളുടെ വ്യവസ്ഥകൾ അനുസരിച്ച് 6-18 മാസം വരെയുള്ള പ്രാരംഭ വിളംബന കാലം കഴിഞ്ഞ് അഞ്ചു വർഷം മുതൽ ഏഴു വർഷം വരെ തിരിച്ചടവ് കാലാവധിയ്ക്കു പരിധി ഉണ്ടാകാം.

6.5. **മാർജിൻ മണി:** 50000 രൂപ വരെയുള്ള വായ്പക്ക് മാർജിൻ മണി ആവശ്യപ്പെടാൻ പാടുള്ളതല്ല. അതിൽ കൂടിയ തുകക്ക് 5% മാർജിൻ മണി വാങ്ങുന്നതാകും നല്ലത്. എന്നാൽ ഒരു കേസിലും അത് പദ്ധതി ചെലവിന്റെ 10% -ൽ കവിയാൻ പാടില്ല.

6.6 **വായ്പയുടെ ഇനം:** മൂലധന ചെലവിന് കാലാവധി വായ്പകളായും പ്രവർത്തന മൂലധന ആവശ്യത്തിന് ക്യാഷ് ക്രെഡിറ്റായും ബാങ്കുകൾ വ്യക്തികൾക്ക് ധന സഹായം നൽകുന്നു. വായ്പാ അപേക്ഷകന്റെ ആവശ്യമനുസരിച്ച് മൂലധന ചെലവും പ്രവർത്തന മൂലധന ചെലവും ചേർന്നുള്ള സമ്മിശ്ര വായ്പയായും ബാങ്കുകൾ വ്യക്തികൾക്ക് വായ്പ ലഭ്യമാക്കുന്നുണ്ട്.

7. **സംഘ സംരംഭങ്ങൾ (SEP-G) - വായ്പയും പലിശ ഇളവും**

DAY-NULM നു കീഴിൽ രൂപീകൃതമായ ഒരു സ്വയം സഹായ സംരംഭത്തിനോ അല്ലെങ്കിൽ അതിലെ അംഗങ്ങൾക്കോ, അത് കൂടാതെ സ്വയം തൊഴിൽ തേടുന്ന നാഗരിക ദരിദ്രരുടെ ഒരു സംഘത്തിനോ ഈ പദ്ധതിയിൻ കീഴിൽ ഏതു ബാങ്കിൽ നിന്നും പലിശയിളവിന്റെ ആനുകൂല്യത്തോടെയുള്ള വായ്പാ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. സംഘ അടിസ്ഥാനത്തിലുള്ള സൂക്ഷ്മ സംരംഭ വായ്പകളുടെ മാനദണ്ഡങ്ങൾ/ പ്രത്യേക നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

7.1. **അർഹതാ മാനദണ്ഡം:** സംഘ സംരംഭങ്ങളിൽ മൂന്ന് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. അതിൽ തന്നെ 70% അംഗങ്ങളും നാഗരിക ദരിദ്ര കുടുംബങ്ങളിൽ നിന്നായിരിക്കണം. എന്നാൽ, ഒരു കുടുംബത്തിൽ നിന്ന് ഒരാളിൽ കൂടുതൽ ഉണ്ടായിരിക്കാൻ പാടില്ല.

7.2. **പ്രായം:** ബാങ്ക് വായ്പയ്ക്ക് അപേക്ഷിക്കുന്ന സമയത്തു് സംഘത്തിലെ എല്ലാ അംഗങ്ങളും 18 വയസ്സ് തികഞ്ഞവരായിരിക്കണം.

7.3. **പദ്ധതി ചെലവ്:** സംഘത്തിന് വായ്പയായി അംഗം ഒന്നിന് രണ്ടു ലക്ഷം രൂപയോ അല്ലെങ്കിൽ 10 ലക്ഷം രൂപയോ ഏതാണ് കുറവ്, അതായിരിക്കും ലഭിക്കുന്ന പരമാവധി വായ്പ തുക.

7.4. **വായ്പകളുടെ ഇനം:** സംഘത്തിന്റെ കൂട്ടുത്തരവാദ അടിസ്ഥാനത്തിൽ സംഘത്തിനെ ഒരു യൂണിറ്റായി കണക്കാക്കിയോ അല്ലെങ്കിൽ ഓരോ അംഗത്തിനും 2 ലക്ഷം രൂപ എന്ന കണക്കിലോ പരമാവധി 10 ലക്ഷം രൂപ വായ്പയായി അനുവദിക്കാവുന്നതാണ്. ഒരു സംഘത്തിന് വായ്പ നൽകുമ്പോൾ "ബഡ്ജറ്റ് (2014-15) പ്രഖ്യാപനം., ഭൂരഹിത കർഷകരുടെ കൂട്ടുകൃഷി സംഘങ്ങൾക്കുള്ള ധന സഹായം" എന്ന വിഷയത്തിൽ 2014 നവംബർ 13-)ം തിയ്യതി റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലെയും അതിനു പിന്നീട് വരുത്തിയിട്ടുള്ള മാറ്റങ്ങളിലെയും തത്വങ്ങൾ അനുസരിച്ചായിരിക്കണം.

7.5. **ബാങ്ക് വായ്പകളുടെ ഇനം:** മൂലധന ചെലവുകൾക്ക് കാലാവധി വായ്പകളായും പ്രവർത്തന മൂലധന ആവശ്യത്തിന് ക്യാഷ് ക്രെഡിറ്റായും ബാങ്കുകൾ സംഘങ്ങൾക്ക് വായ്പകൾ നൽകുന്നു. സംഘത്തിന്റെ

ആവശ്യമനുസരിച്ച് മൂലധന ചെലവും പ്രവർത്തന മൂലധനവും ഒന്നിച്ചു ചേർത്ത് സമ്മിശ്ര വായ്പയായും ബാങ്കുകൾ സംഘത്തിന് അനുവദിക്കുന്നു.

7.6. **വായ്പയും മാർജിൻ മണിയും:** പദ്ധതി ചെലവിൽ നിന്നും ഗുണഭോക്തൃ സംഭാവന (മാർജിൻ മണി) കഴിച്ചുള്ള തുകയാണ് സംഘ സംരംഭങ്ങൾക്ക് വായ്പയായി ബാങ്കുകൾ നൽകുന്നത്. 50000 രൂപ വരെയുള്ള വായ്പകൾക്ക് ഉപഭോക്തൃ സംഭാവന ആവശ്യപ്പെടരുത്. അതിലും കൂടിയ തുകയ്ക്കുള്ള വായ്പകൾക്ക് 5% ഉപഭോക്തൃ സംഭാവന വാങ്ങുന്നത് നന്നായിരിക്കും. എന്നാൽ ഒരു കേസിലും പദ്ധതി ചെലവിന്റെ 10% ൽ കൂടുതൽ ഉപഭോക്തൃ സംഭാവന ആവശ്യപ്പെടാൻ പാടില്ല.

7.7. **ബാങ്ക് വായ്പയ്ക്ക് സമാന്തര ജാമ്യം:** സമാന്തര ജാമ്യം ആവശ്യമില്ലാത്തതാകുന്നു. സൃഷിക്കപ്പെടുന്ന ആസ്ഥികൾ മാത്രമേ വായ്പയ്ക്കുവേണ്ടി ബാങ്കുകൾക്ക് പണയം വെക്കുകയോ /ഈടു വെയ്ക്കുകയോ ചെയ്യാവു. ഖണ്ഡിക 6.3ൽ വിശദമാക്കിയിട്ടുള്ളത് പോലെ ബാങ്കുകൾക്ക് ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് ഫോർ മൈക്രോ ആൻഡ് സ്മാൾ എന്റർപ്രൈസസ്സ് (CGTMSE) നെ അല്ലെങ്കിൽ മറ്റേതെങ്കിലും യോജിച്ച സുരക്ഷാ ഉറപ്പു നൽകൽ ഫണ്ടിനെ സമീപിക്കാവുന്നതാണ്.

7.8. **വായ്പ തിരിച്ചടയ്ക്കൽ:** ബാങ്കുകളെ വ്യവസ്ഥകൾ അനുസരിച്ചു 6-12 മാസം വരെയുള്ള പ്രാരംഭ വിളംബന കാലം കഴിഞ്ഞു അഞ്ചു മുതൽ ഏഴു വർഷം വരെ തിരിച്ചടവ് കാലാവധിക്ക് പരിധി ഉണ്ടാകാം.

## 8. സ്വയം സഹായ സംഘം - ബാങ്ക് ബന്ധം സൃഷ്ടിക്കൽ - പൊതു മാർഗ്ഗ നിദ്ദേശങ്ങൾ

സ്വയം സഹായ സംഘങ്ങളെ ബാങ്കുകളുമായി ബന്ധിപ്പിക്കുന്ന കാര്യം റിസർവ്വ് ബാങ്കിന്റെ നാണ്യനയത്തിലും കേന്ദ്രസർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലും ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. ഇതിനെ സംബന്ധിക്കുന്ന വിവിധ മാർഗ്ഗ നിർദ്ദേശങ്ങൾ റിസർവ്വ് ബാങ്ക് പലപ്പോഴായി ബാങ്കുകൾക്ക് വേണ്ടി പുറപ്പെടുവിച്ചിട്ടുണ്ട്. സ്വയം സഹായ സംഘങ്ങൾ - ബാങ്ക് ബന്ധപ്പെടുത്തൽ പരിപാടി പുഷ്ടിപ്പെടുത്തുന്നതിനും സുസ്ഥിരമാക്കുന്നതിനും വേണ്ടി നടത്തിപ്പ്/ നയ രൂപീകരണ തലങ്ങളിൽ സംഘങ്ങൾക്ക് കടം നൽകൽ മുഖ്യധാരാ വായ്പാ പ്രവർത്തനങ്ങളുടെ ഭാഗമായി പരിഗണിക്കണം എന്ന് ബാങ്കുകളോട് നിർദ്ദേശിച്ചിട്ടുണ്ട്.

8.1. സ്വയം സഹായ സംഘം - ബാങ്ക് ബന്ധപ്പെടുത്തൽ എന്ന വിഷയത്തിലുള്ള 2018 ജൂലൈ 2 ലെ FIDD.FID.BC.No. 04/ 12.01.033/2018-19 നമ്പർ റിസർവ്വ് ബാങ്ക് സർക്കുലർ, സ്വന്തം അംഗങ്ങൾക്കിടയിൽ ഒരു തുടക്കമെന്ന നിലയിൽ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിന് ഏർപ്പെട്ടിരിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ (രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ) സേവിങ്സ് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നു. അതിനുശേഷം ബാങ്കുകൾ ശരിയായ വിലയിരുത്തൽ അല്ലെങ്കിൽ തരം തിരിക്കൽ നടത്തി സ്വയം സഹായ സംഘങ്ങൾക്ക് മിച്ചം പിടിക്കലുമായി ബന്ധപ്പെട്ടുള്ള വായ്പകൾ അനുവദിക്കാവുന്നതാണ്. (മിച്ചം വയ്ക്കൽ: വായ്പ = 1:1 മുതൽ 1:4 വരെയുള്ള വ്യത്യസ്ത അനുപാതങ്ങളിൽ) എന്നാൽ പാകത വന്ന സ്വയം സഹായ

സംഘങ്ങളുടെ കാര്യത്തിൽ ബാങ്കിന് സ്വന്തം വിവേചനം അനുസരിച്ച് മിച്ചം വയ്പിന്റെ നാലിരട്ടി എന്ന പരിധിക്കപ്പുറവും വായ്പ അനുവദിക്കാം. സ്വയം സഹായ സംഘങ്ങൾ അംഗങ്ങൾക്ക് വായ്പ അനുവദിക്കുന്നത് എന്ത് ഉദ്ദേശത്തിനായാലും സംഘങ്ങൾക്കു നൽകുന്ന വായ്പകൾ ദുർബല വിഭാഗങ്ങൾക്കുള്ള വായ്പയുടെ ഭാഗമായി ഉൾപ്പെടുത്താൻ ബാങ്കുകൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

8.2. DAY-NULM ന്റെ സാമൂഹ്യ സമാഹരണവും സ്ഥാപന വികസനവും എന്ന ഘടകത്തിൻ കീഴിൽ എസ്.എച്ച്.ജി.കൾക്ക് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് ആവശ്യമായ അടിസ്ഥാന ജോലിയും ചാക്രിക നിധിയിലേക്ക് പ്രാപ്യത സൗകര്യപ്പെടുത്തലും യു.എൽ.ബി. ചെയ്യുന്നതായിരിക്കും. യു.എൽ.ബി. ഇതിനുവേണ്ടി റിസോർസ് സ്ഥാപനത്തെ ഏർപ്പെടുത്തുകയോ അല്ലെങ്കിൽ സ്വന്തം ഉദ്യോഗസ്ഥരെ വയ്ക്കുകയോ ചെയ്യുന്നതായിരിക്കും. സ്വയം സഹായ സംഘങ്ങളുടെയും റിസോഴ്സ് സ്ഥാപനങ്ങളുടെയും ചാക്രിക നിധിയുടെയും ആശയവും രൂപീകരണവും DAY-NULM ന്റെ സാമൂഹ്യ സമാഹരണവും സ്ഥാപന വികസനവും(SN&ID) എന്ന ഘടകത്തിൽ വിശദമാക്കിയിട്ടുണ്ട്.

8.3. ബാങ്കുകൾ തങ്ങൾ വിതരണം ചെയ്ത വായ്പകളുടെയും പലിശ ഇളവ് തുകയുടെ കണക്കു കൂട്ടലുകളുടെയും വിശദ വിവരങ്ങൾ യു.എൽ.ബി.ക്കു അയക്കേണ്ടതാണ്. യു.എൽ.ബി. അതിന്റെ ഭാഗത്ത് ഈ വിവരങ്ങൾ പരിശോധിച്ച് ഖണ്ഡിക 5ൽ കൊടുത്തിട്ടുള്ളതുപോലുള്ള ഒരു നടപടിക്രമം അനുസരിച്ച് ത്രൈമാസിക അടിസ്ഥാനത്തിൽ പലിശ ഇളവ് തുക ബാങ്കുകൾക്ക് നൽകേണ്ടതുമാണ്. അധിക പലിശ ഇളവ് അവകാശപ്പെടുന്നതിനുള്ള നിശ്ചിത രൂപരേഖ അനുബന്ധം IIൽ കൊടുത്തിട്ടുണ്ട്.

8.4. അർഹതയുള്ള സ്വയം സഹായ സംഘങ്ങൾക്ക് ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കുന്നതിനുവേണ്ട അപേക്ഷകൾ പൂരിപ്പിക്കുവാൻ യു.എൽ.ബി.അതിന്റെ ഓഫീസ്-ബാഹ്യ ഉദ്യോഗസ്ഥർ അല്ലെങ്കിൽ റിസോർസ് സ്ഥാപനങ്ങൾ വഴി സൗകര്യം ഒരുക്കുന്നു. ആവശ്യമുള്ള രേഖകൾ സഹിതം സ്വയം സഹായ സംഘങ്ങളുടെ അപേക്ഷകൾ ബന്ധപ്പെട്ട ബാങ്കുകൾക്ക് അയച്ചുകൊടുക്കുവാനുള്ള ഉത്തവാദിത്വം യു.എൽ.ബി.ക്ക് ആണ്. ബാങ്കുകൾക്ക് അയച്ചു കൊടുത്ത SHG വായ്പാപേക്ഷകളുടെ വിവരങ്ങൾ പ്രാദേശിക അടിസ്ഥാനത്തിലും, ബാങ്ക് അടിസ്ഥാനത്തിലും റിസോർസ് സ്ഥാപന/ ഉദ്യോഗസ്ഥർ അടിസ്ഥാനത്തിലും യു.എൽ.ബി. സൂക്ഷിക്കേണ്ടതാണ്. അത് എസ്.യു.എൽ.എം. ന് എല്ലാ മാസവും അയച്ചു കൊടുക്കണം.

8.5. DAY-NULM ന് കീഴിൽ ഫലപ്രദമായ എസ്.എച്ച്.ജി.-ബാങ്ക് ബന്ധിപ്പിക്കൽ ഉറപ്പാക്കുന്നതിനായി, എസ്.യു.എൽ.എം. (SULM) പതിവായി ബാങ്കുകളുമൊത്ത് പുരോഗതി നിരീക്ഷിക്കുകയും അവലോകനം നടത്തുകയും സംസ്ഥാനത്ത് എസ്.എച്ച്.ജി.(SHG) വായ്പകളിന്മേൽ പലിശ ഇളവ് സഹായം ലഭ്യമാക്കുവാൻ എസ്.എൽ.ബി.സി.യുമായി ഏകോപിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു. നഗര ദരിദ്രരുടെ സാമ്പത്തിക ഉൾച്ചേർക്കൽ സംബന്ധിച്ച് ബാങ്ക്/ ബ്രാഞ്ച് ഉദ്യോഗസ്ഥർക്ക് അവബോധം ഉണ്ടാക്കുവാൻ എസ്.എൽ.ബി.സി.യുടെയും ലീഡ് ബാങ്കുകളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

8.6. ശ്രദ്ധിക്കേണ്ട ഒരു കാര്യം, പലിശ ഇളവ് ലഭിക്കുന്നതിനുള്ള സ്വയം സഹായ സംഘങ്ങളെ തിരിച്ചറിയുകയും തെരഞ്ഞെടുക്കുകയും രൂപീകരിക്കുകയും, നിരീക്ഷിക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാനത്തിനും യു.എൽ.ബി.കൾക്കും ആയിരിക്കും; ലീഡ് ബാങ്കുകൾക്ക് തെറ്റായ എസ്.എച്ച്.ജി. തെരെഞ്ഞെടുപ്പിൽ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.

8.7. വായ്പാ സൗകര്യത്തിന്റെ ഇനം: തങ്ങളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ എസ്.എച്ച്.ജി.കൾക്ക് കാലാവധി വായ്പയോ, ക്യാഷ് ക്രെഡിറ്റ് പരിധിയോ (CCL) അല്ലെങ്കിൽ രണ്ടും കൂടിയോ പ്രയോജനപ്പെടുത്താവുന്നതാണ്. ആവശ്യമെന്നു കണ്ടാൽ മുൻവായ്പ ബാക്കിനിൽക്കുമ്പോഴും അധിക വായ്പ അനുവദിച്ചു നൽകാം.

8.8. കൃത്യമായ തിരിച്ചടവിനു വേണ്ടിയുള്ള റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു:

### a. എസ്.എച്ച്.ജി.കൾക്കുള്ള ക്യാഷ് ക്രെഡിറ്റ് പരിധി:

i) ബാക്കിനിൽപു തുക തുടർച്ചയായി 30 ദിവസത്തിൽ കൂടുതൽ അനുവദിച്ച പരിധിയേക്കാൾ/ പിൻവലിക്കാവുന്ന പരിധിയേക്കാൾ കൂടാൻ പാടില്ല.

ii) അക്കൗണ്ടിൽ പതിവായി പണം വരവും/ പിൻവലിക്കലും ഉണ്ടാകണം. എങ്ങനെ ആയാലും ഒരു മാസത്തിൽ ഇടപാടുകാരന്റെ ഭാഗത്തു നിന്ന് അക്കൗണ്ടിൽ കുറഞ്ഞത് ഒരു വരവ് തുകയെങ്കിലും ഉണ്ടാകണം.

iii) ഒരു മാസം ഇടപാടുകാരന്റെ ഭാഗത്തു നിന്ന് അക്കൗണ്ടിലേക്കുള്ള ആകെ വരവ് ആ മാസം ചുമത്തിയ പലിശ അടവിനെങ്കിലും മതിയാകണം.

**b. എസ്.എച്ച്.ജി.കൾക്കുള്ള കാലാവധി വായ്പ:** വായ്പകളുടെ മുഴുവൻ കാലാവധി സമയവും പലിശയും വായ്പാ തവണകളും നിശ്ചിത തിയ്യതികളിൽ നിന്നും 30 ദിവസങ്ങൾക്കകം അടച്ചു കഴിഞ്ഞു എങ്കിൽ ആ കാലാവധി വായ്പാ അക്കൗണ്ട് തിരിച്ചടവിൽ കൃത്യനിഷ്ഠ പാലിക്കുന്ന ഒരു അക്കൗണ്ടായി കണക്കാക്കാം. ഈ വിഷയത്തിൽ റിസർവ്വ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഭാവിയിൽ തുടർന്നും നിശ്ചിത സമയത്തുള്ള വായ്പാ തിരിച്ചടവിനെ സംബന്ധിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കു വഴികാട്ടിയായിരിക്കും.

## 9. എസ്.ഇ.പി.-ഐ, എസ്.ഇ.പി.-ജി & എസ്.ഇ.പി.-എസ്.എച്ച്.ജി. യുടെ പുരോഗതി റിപ്പോർട്ട് ചെയ്യൽ

9.1. പ്രവർത്തക സംഘം (Task Force) ശുപാർശ ചെയ്തിട്ടുള്ള അപേക്ഷകളുടെ വിവരങ്ങൾ കാണിക്കുന്ന ഒരു റിപ്പോർട്ട് യു.എൽ.ബി. മാസാടിസ്ഥാനത്തിൽ തയ്യാറാക്കി എസ്.യു.എൽ.എം. ന് അയക്കേണ്ടതാണ്. അപേക്ഷകൾ അനുവദിക്കൽ, തുക വിതരണം, തിരസ്കരിക്കൽ (കാരണ സഹിതം) എന്നീ കാര്യങ്ങളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ബന്ധപ്പെട്ട ബാങ്കുകളുടെ സാധൂകരണത്തിനു ശേഷം ഈ റിപ്പോർട്ടിൽ കാണിച്ചിരിക്കണം.

9.2. യു.എൽ.ബി.കളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ എല്ലാം എസ്.യു.എൽ.എം. സമാഹരിച്ചു മാസത്തിൽ ഒരിക്കൽ ഭവന നാഗരിക ദാരിദ്ര്യ നിർമാർജ്ജന മന്ത്രാലയത്തിന് അയക്കുന്നതായിരിക്കും.

9.3. എല്ലാ എസ്.എൽ.ബി.സി./ഡി.സി.സി.മീറ്റിംഗുകളിലും എസ്.ഇ.പി. (SEP) യുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ചർച്ച ചെയ്യുന്നു എന്ന് എസ്.യു.എൽ.എം. ഉറപ്പാക്കിയിരിക്കണം. എസ്.ഇ.പി.യെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട മറ്റു ഏതു കാര്യവും ഫലപ്രദമായ ഏകോപനത്തിനും നടപ്പാക്കലിനുമായി എസ്.യു.എൽ.എം. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി കൺവീനർ ബാങ്കിന് അയച്ചു കൊടുക്കാവുന്നതാണ്.

**10. സംരംഭ വികസനത്തിന് ക്രെഡിറ്റ് കാർഡ്**.

10.1. DAY-NULM -നു കീഴിൽ വ്യക്തിഗത സംരംഭകർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് പലിശ ഇളവോടുകൂടി വായ്പാ സഹായം നൽകുന്നത് നാഗരിക ദരിദ്രർക്ക് ഉപജീവന മാർഗ്ഗ പിന്തുണ സൗകര്യപ്പെടുത്തുന്നതിനുള്ള പ്രാരംഭ പ്രചോദനമായി കാണേണ്ടതാണ്. എങ്ങനെ ആയാലും, സംരംഭം സാമ്പത്തികമായി സുസ്ഥിരമാകുന്നതിന് പ്രവർത്തന മൂലധനമായി കൂടുതൽ ധന സഹായം വ്യക്തിഗത സംരംഭകർക്ക് ആവശ്യമായി വരുന്നതാണ്. സാധനങ്ങൾ വാങ്ങുന്നതിനും, അസംസ്കൃത വസ്തുക്കൾക്കും മറ്റു പലവിധ ചെലവുകൾക്കുമായി ഉടനടിയും ഓരോ മാസവും ഹ്രസ്വകാലത്തെക്കായും വേണ്ടി വരുന്ന പണത്തിന്റെ ആവശ്യവും ഇതിൽ ഉൾപ്പെടുന്നു. സംരംഭ സംബന്ധമായ പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന ചെലവുകൾ നേരിടുന്നതിനുള്ള സ്ഥിരം മാസ വരുമാനം സൂക്ഷ്മ - സംരംഭകന് ഉണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ വേണ്ട ഉടനടി വായ്പാ സഹായത്തിനായി ഒരു ധനകാര്യ സ്ഥാപനത്തെ സമീപിക്കുമ്പോൾ അതിന് നടപടിക്രമം അനുസരിച്ചുള്ള രേഖ ചമയ്ക്കലും ധാരാളം സമയ നഷ്ടവും വേണ്ടി വരുന്നു. ഇപ്രകാരമുള്ള പ്രവർത്തന മൂലധന ആവശ്യം സാധാരണയായി നേരിടുന്നത് അനൗപചാരിക സ്രോതസ്സുകളിൽ (പണം കടം കൊടുപ്പുകാർ ഉൾപ്പെടെ) നിന്നും വായ്പ എടുത്തിട്ടാണ്. സ്വാഭാവികമായിട്ടും ഇതിനു വൻ പലിശ കൊടുക്കേണ്ടിയും വരുന്നു.

10.2 സൂക്ഷ്മ സംരംഭകരെ, അവർക്കു വേണ്ട പ്രവർത്തന മൂലധനത്തിനും മറ്റു പലവിധ കാര്യങ്ങൾക്കും വേണ്ടി വരുന്ന ധനപരമായ ആവശ്യങ്ങൾക്ക് സഹായിക്കാൻ DAY-NULM അവർക്കു ബാങ്കുകൾ മുഖേനെ ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ മുദ്ര (MUDRA) കാർഡ് പ്രാപ്യമാക്കുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതായിരിക്കും.

10.3 വ്യക്തിഗത സംരംഭകർക്ക് ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ മുദ്ര കാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ, പരിധി, പ്രത്യേക നിർദ്ദേശങ്ങൾ എന്നിവക്ക് SULM അന്തിമ രൂപം നൽകുന്നത് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി (SLBC) കൂടിയാലോചിച്ചായിരിക്കും. ഇക്കാര്യത്തിനായി എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പൊതു ക്രെഡിറ്റ് കാർഡ്(GCC)അല്ലെങ്കിൽ നഗരപ്രദേശങ്ങളിൽ സംരംഭ വികസനത്തിനായി അവർ പ്രയോജനപ്പെടുത്തുന്ന മറ്റു വ്യത്യസ്ത ക്രെഡിറ്റ് കാർഡുകൾ എന്നിവയെ കുറിച്ച് SULM നും SLBC ക്കും അന്വേഷിക്കാവുന്നതും ആണ്. റിസർവ് ബാങ്ക് അതിന്റെ 2013 ഡിസംബർ 2 ലെ RPCD.MSME&NFS.BC നം.61/06.02.31/2013-14 നമ്പർ വിജ്ഞാപനം പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ GCC പദ്ധതിയെക്കുറിച്ചുള്ള സർക്കുലർ റിസർവ് ബാങ്ക് വെബ്സൈറ്റ് 'www.rbi.org.in ൽ ലഭ്യമാണ്.

10.4 ULB ഭാവി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ക്രെഡിറ്റ് കാർഡ് നൽകുന്നതിനായി ബാങ്കുമായി ബന്ധപ്പെടുത്തുന്നതിന് സൗകര്യമൊരുക്കുകയും ചെയ്യും. SEPക്കു കീഴിൽ ധനസഹായം പ്രയോജനപ്പെടുത്തിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിന് വഴിയൊരുക്കുക എന്നതിലാണ് ആരംഭത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കൂടുതലായി SEPക്കു കീഴിൽ ധനസഹായം പ്രയോജനപ്പെടുത്താത്തവരും സ്വന്തമായി ബിസിനസ് നടത്തുന്നവരുമായ മറ്റു ഗുണഭോക്താക്കളെ കൂടി, അവർ ക്രെഡിറ്റ് കാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുവെങ്കിൽ, ഉൾപ്പെടുത്തുന്നതിനാണ് ശ്രമം വേണ്ടത്.

10.5 ഇക്കാര്യത്തിലുള്ള ലക്ഷ്യം തീരുമാനിക്കുന്നത് ULB തലത്തിൽ ആകാവുന്നതാണ്. ഇതിന്റെ പുരോഗതി SULM തലത്തിൽ ഒന്നിച്ചു ചേർത്ത് ആനുകാലികമായി ഭവന നഗര ദാരിദ്ര്യ നിർമാർജന മന്ത്രാലയത്തിനെ അറിയിക്കേണ്ടതാണ്.

## 11 സാങ്കേതിക വിദ്യ, വിപണനം, മറ്റുള്ള പിന്തുണ

11.1 സൂക്ഷ്മ സംരംഭകർക്ക് വളരുന്നതിനും അവരുടെ ബിസിനസ് സ്ഥിരമായി നിലനിർത്തുന്നതിനും വേണ്ടി പലപ്പോഴും പിന്തുണ ആവശ്യമാകുന്നുണ്ട്. സ്ഥാപനം നടത്തിപ്പ്, സാങ്കേതിക വിദ്യ, വിപണനം, മറ്റു സേവനങ്ങൾ എന്ന കാര്യങ്ങൾക്കായിരിക്കും പിന്തുണ വേണ്ടി വരിക. വളരെ ചെറിയ ബിസിനെസ്സ് നടത്തുന്ന സൂക്ഷ്മ സംരംഭകർക്ക് വിപണിക്ക് വേണ്ടത് എന്താണ്, അവർ ഉത്പാദിപ്പിച്ച ഉൽപ്പന്നം ആവശ്യമുള്ളവർ ആരൊക്കെ, വിലകൾ, വിളിക്കേണ്ടത് എവിടെയാണ്, എന്നീ കാര്യങ്ങളെപ്പറ്റി കൂടുതൽ അവബോധം ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ പരിപാടിക്ക് കീഴിലുള്ള സഹായ സേവനങ്ങൾ സൂക്ഷ്മ സംരംഭങ്ങളുടെ വികസനത്തിന് വേണ്ടിയുള്ള സാഹചര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഉദ്ദേശിച്ചിട്ടുള്ളവയാകുന്നു.

11.2 DAY-NULM പദ്ധതിയ്ക്ക് കീഴിൽ സ്ഥാപിതമായിട്ടുള്ള സിറ്റി ഉപജീവന മാർഗ്ഗ കേന്ദ്രങ്ങൾ (CLCs), സംരംഭം ആരംഭിക്കൽ (ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, നിയമ സഹായം തുടങ്ങിയ കാര്യങ്ങൾ) ഉൽപ്പാദനം, സംഭരണം, സാങ്കേതിക വിദ്യ, സംസ്കരണം, വിപണനം, വിൽപ്പന, പാക്കേജിങ്, കണക്കു എഴുതി സൂക്ഷിക്കൽ മുതലായ സേവനങ്ങൾ സൂക്ഷ്മ സംരംഭങ്ങൾക്ക് അവയുടെ ദീർഘകാല നിലനിൽപിന് വേണ്ടി വാഗ്ദാനം ചെയ്യുന്നു. സൂക്ഷ്മ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും കാര്യത്തിൽ കമ്പോളത്തിലെ ആവശ്യം, കമ്പോള തന്ത്രം എന്നിവയെക്കുറിച്ചുള്ള സാധ്യത/ മൂല്യ നിർണ്ണയ പഠനങ്ങൾ നടത്തുന്നതിനും CLC കൾ സഹായം പ്രദാനം ചെയ്യുന്നു.

11.3 വ്യക്തിഗതമായതും സംഘങ്ങളുടേതായതും ആയ എല്ലാ SEP സംഘങ്ങൾക്കും CLCകളിൽ നിന്നും സേവനങ്ങൾ അവയുടെ വ്യവസ്ഥകൾക്ക് അനുസൃതമായി പ്രയോജനപ്പെടുത്താവുന്നതാണ്. ഭാവി ഗുണഭോക്താക്കളുടെ പ്രയോജനത്തിനു വേണ്ടി സൂക്ഷ്മ സംരംഭ വികസനത്തിനായുള്ള സേവനങ്ങളും ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്യുന്ന വിവിധ സർക്കാർ പദ്ധതികളുമായി CLCകൾ, ULBയുടെ പിന്തുണയോടെ, ഒന്നിച്ചു ചേർന്ന് പ്രവർത്തിക്കുന്നു.

11.4 മുകളിൽ പറഞ്ഞ സേവനങ്ങൾ ലഭ്യമാക്കാനായി CLCകൾക്ക് അധിക ഫണ്ടും തൊഴിൽപരമായ സഹായവും SULM ഏർപ്പാടാക്കേണ്ടതാണ്.

## 12 DAY - NULM ന്റെ SEP യുടെ ധന സമാഹരണ മാതൃക

DAY-NULM ന്റെ പൊതുമാനദണ്ഡങ്ങൾ അനുസരിച്ച് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്നാണ് ഈ ഘടകത്തിന് കീഴിൽ വേണ്ട ഫണ്ട് നൽകുന്നത്.

12.2 സംസ്ഥാനങ്ങൾക്ക് ഏല്പിച്ചു കൊടുത്തിട്ടുള്ള ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ മന്ത്രാലയം അവർക്കു വാർഷിക അടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ചു നൽകുന്നു.സംസ്ഥാനങ്ങൾ അവിടങ്ങളിലെ SLBC കളും ULB കളുമായി കൂടിയാലോചിച്ച് കൈവരിക്കേണ്ട ലക്ഷ്യങ്ങൾ തീരുമാനിക്കുകയും അതനുസരിച്ചുള്ള ഫണ്ട് ULB കൾക്ക് അനുവദിക്കുകയും ചെയ്യുന്നു.സാമ്പത്തിക വർഷം ബാങ്കുകൾക്ക് അവർ നൽകിയ പലിശ ഇളവ് തുക മുഴുവനായും തിരിച്ചു കൊടുക്കുന്നതിനും സംസ്ഥാനങ്ങളുടെ പക്കൽ പലിശ ഇളവ് തുക കുടിശ്ശിക ആയോ തീരുമാനമാകാതെയോ ഉണ്ടാകാതിരിക്കാനും തക്ക വിധത്തിലാണ് ഫണ്ട് അനുവദിക്കുക.

## 13 നിരീക്ഷണവും മൂല്യനിർണ്ണയവും

സംസ്ഥാന തലത്തിൽ സംസ്ഥാന മിഷൻ നടത്തിപ്പ് യൂണിറ്റും (SMMU) ULB തലത്തിൽ സിറ്റി മിഷൻ നടത്തിപ്പ് യൂണിറ്റും (CMMU) ഈ ഘടകത്തിന് കീഴിലുള്ള പ്രവർത്തനങ്ങളുടെയും കൈവരിക്കേണ്ട ലക്ഷ്യങ്ങളുടെയും പുരോഗതി സൂക്ഷ്മമായി നിരീക്ഷിക്കുകയും വിലയിരുത്തുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യും. SULM ഉം ULB യും/ നിർവഹണ ഏജൻസികളും മിഷൻ ഡയറക്റ്ററേറ്റ് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന ഫോർമാറ്റുകളിൽ യഥാസമയ പുരോഗതി റിപ്പോർട്ട് ചെയ്തിരിക്കണം. ഈ റിപ്പോർട്ടിൽ ഓരോ മാസത്തേയും സഞ്ചിത നേട്ടങ്ങൾ ത്രൈമാസത്തിന്റെ അവസാനം വരെയും, കൂടാതെ നടപ്പാക്കലിൽ ഉണ്ടാകുന്ന മുഖ്യ പ്രശ്നങ്ങളെയും കാണിച്ചിരിക്കണം.

13.2 കൂടാതെ ലക്ഷ്യങ്ങളെയും നേട്ടങ്ങളെയും അനുധാവനം ചെയ്യുന്നതിനായി DAY-NULM നു കീഴിൽ സമഗ്രവും കരുത്തുറ്റതുമായ വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ പ്രവർത്തിക്കുന്ന ഒരു DAY-NULM MIS സ്ഥാപിക്കുന്നതായിരിക്കും. സംസ്ഥാനങ്ങളോടും ULB കളോടും അവരുടെ പുരോഗതി റിപ്പോർട്ട് ഓൺലൈനായി അയക്കാനും ഈ സംവിധാനത്തെ ഏറ്റവും താഴത്തെ തലത്തിലുള്ള പുരോഗതി നിരീക്ഷിക്കുന്നതിന് വേണ്ടി ഉപയോഗപ്പെടുത്താനും ആവശ്യപ്പെടുന്നതാണ്. DAY-NULM ന്റെ കീഴിൽ സുതാര്യത ഉറപ്പാക്കുന്നതിനും വിവരങ്ങളുടെ വെളിപ്പെടുത്തലിനു സജീവ പ്രേരണ നൽകുക എന്ന ആവേശകരമായ ആലോചനയാലും SEP ക്കു കീഴിൽ ലഭിക്കുന്ന മുഖ്യ പുരോഗതി റിപ്പോർട്ടുകൾ പൊതുമണ്ഡലത്തിൽ തക്ക സമയത്തു ലഭ്യമാക്കുന്നതാണ്.

13.3 ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യത്തിന്റെ അനന്തര ഫലത്തെ കുറിച്ചുള്ള വിലയിരുത്തലിനും അവർ എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നുണ്ടോ എന്നറിയാനും എല്ലാ SEP ഗുണഭോക്താക്കളെയും ആനുകാലികമായി സന്ദർശിക്കേണ്ടതാണ്. സാമൂഹ്യ സംഘാടകർ അവരുടെ പ്രവർത്തന

പരിധിയിലുള്ള എല്ലാ ഗുണഭോക്താക്കളെയും കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും സന്ദർശിച്ചിരിക്കണം. CMMU തലത്തിലുള്ള പ്രോജക്ട് ഓഫിസർ/ സാങ്കേതിക വിദഗ്ദർ കുറഞ്ഞത് 50 % ഗുണഭോക്താക്കളെയെങ്കിലും മൂന്നു മാസത്തിൽ ഒരിക്കൽ സന്ദർശിച്ചിരിക്കണം. ഇത്തരം സന്ദർശന സമയത്തുള്ള നിരീക്ഷണങ്ങൾ രേഖപ്പെടുത്തേണ്ടതും MIS ലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

13.4 മുകളിൽ പറഞ്ഞ പ്രവർത്തനതല സന്ദർശനങ്ങളിൽ ഗുണഭോക്താക്കളുടെ സാമ്പത്തിക നിലയെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കേണ്ടതും അത് വായ്പ അപേക്ഷയിൽ കൊടുത്തിരിക്കുന്ന സമാന വിവരങ്ങളുമായി താരതമ്യം ചെയ്തു അവർക്കു ലഭിച്ച ആനുകൂല്യം അവരുടെ സാമ്പത്തിക നിലയിൽ വരുത്തിയ അനന്തര ഫലത്തെ കുറിച്ച് മനസ്സിലാക്കേണ്ടതുമാണ്.

13.5 ഗുണഭോക്താക്കളുടെ സാമ്പത്തിക നിലയിൽ SEP ക്ക് കീഴിലുള്ള ആനുകൂല്യം ഉണ്ടാക്കിയ മാറ്റം നിർണ്ണയിക്കുന്നതിന് ഉചിതമായ ഇടവേളകളിൽ മാറ്റങ്ങളുടെ വിശകലന പഠനങ്ങളും നടത്തേണ്ടതാണ്.

13.6 DAY-NULM നു കീഴിൽ തീരുമാനിച്ചിട്ടുള്ള ലക്ഷ്യങ്ങൾക്കെതിരെയുള്ള നേട്ടങ്ങളുടെ പുരോഗതിയുടെ നിരീക്ഷണത്തിനായി ത്രൈമാസാടിസ്ഥാനത്തിൽ സഞ്ചിത പുരോഗതി റിപ്പോർട്ട് നൽകുവാൻ ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകാ രൂപത്തിൽ (അനുബന്ധം III, IV )തയ്യാറാക്കേണ്ട പ്രസ്തുത റിപ്പോർട്ട് UPA ഡയറക്ടർക്ക് dupa-mhupa@nic.in എന്ന വിലാസത്തിലേക്കും റിസർവ് ബാങ്കിന് nulmfidd@rbi.org.in എന്ന വിലാസത്തിലേക്കും, റിപ്പോർട്ട് ഏതു ത്രൈമാസത്തേക്കാണോ അത് കഴിഞ്ഞു ഒരു മാസത്തിനകം അയച്ചിരിക്കണം.

13.7 **NULM നു കീഴിലുള്ള വായ്പകൾക്കു വേണ്ടി സവിശേഷ കോഡ്:**

ഈ വായ്പകളെ കാർഷികേതര വിഭാഗത്തിൽ പെടുത്തുവാനും NULM നു കീഴിൽ അനുവദിച്ചിട്ടുള്ള വായ്പകൾക്ക് വേണ്ടി തങ്ങളുടെ വിവര ശേഖരത്തിൽ സവിശേഷ സബ് കോഡ് ഉപയോഗിക്കുവാനും ബാങ്കുകളോട് നിർദ്ദേശിച്ചിട്ടുണ്ട്. കൂടുതലായി, SEP-I, SEP-G, SHG, WSHGs എന്നിവയുമായി ബന്ധപ്പെട്ട വായ്പകൾക്കും പ്രത്യേകം സബ് കോഡുകൾ നൽകാവുന്നതാണ്. ഈ വായ്പകളും NRLM വായ്പകളും തമ്മിൽ വ്യക്തമായി തിരിച്ചറിയാൻ കഴിയണം കാരണം WSHGs 3 % അധിക പലിശ ഇളവിന് അർഹരാണ്.

**അനെക്സ്- I**

**<u>ദീൻ ദയാൽ അന്ത്യോദയ പദ്ധതി- ദേശീയ നഗര ഉപജീവന മിഷൻ (DAY-NULM) പ്രകാരമുള്ള പലിശ സബ്സിഡിയ്ക്കുള്ള അപേക്ഷ</u>**

1 **<u>ബാങ്കിന്റെ പേര്:</u>**

**വ്യക്തിഗത സംരംഭങ്ങൾ, കൂട്ട് സംരംഭങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് 7% പലിശ നിരക്കിൽ വായ്പ നൽകുന്നതിനുള്ള പലിശ സബ്സിഡി ആവശ്യപ്പെട്ടുകൊണ്ടുള്ള ത്രൈമാസിക കാലയളവിലേക്കുള്ള അപേക്ഷ**

....................... അക്കൗണ്ടുകളിലേക്ക് രൂപ ............................................... സാമ്പത്തിക സഹായം നൽകിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

A) SEP- I (വ്യക്തിഗത സംരംഭങ്ങൾ)

| **ക്രമ നം** | **ശാഖ** | **വായ്പ എടുത്ത ആളിന്റെ പേര്** | **വായ്പാ അക്കൗണ്ട് നം** | **വായ്പ തുക** | | **പലിശ** | |
|---|---|---|---|---|---|---|---|
| | | | | **അനുവദിച്ചത്** | **നൽകിയത്** | **വക കൊള്ളിച്ചത്** | **സബ്സിഡി ആവശ്യപ്പെട്ടത്** |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| ആകെ | | | | | | | |

B) SEP- G (കൂട്ട് സംരംഭങ്ങൾ)

| **ക്രമ നം** | **ശാഖ** | **വായ്പ എടുത്ത ഗ്രൂപ്പിന്റെ പേര്** | **വായ്പാ അക്കൗണ്ട് നം** | **വായ്പ തുക** | | **പലിശ** | |
|---|---|---|---|---|---|---|---|
| | | | | അനുവദിച്ചത് | നൽകിയത് | വക കൊള്ളിച്ചത് | സബ്സിഡി ആവശ്യപ്പെട്ടത് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | | | | | | | |
| 3 | | | | | | | |
| ആകെ | | | | | | | |

C) SEP-SHG (സ്വയം സഹായ സംഘം - ബാങ്ക് ലിങ്കേജ്)

| **ക്രമനം** | **ശാഖ** | **വായ്പ എടുത്ത സംഘത്തിന്റെ പേര്** | **വായ്പാ അക്കൗണ്ട് നം** | **വായ്പ തുക** | | **പലിശ** | |
|---|---|---|---|---|---|---|---|
| | | | | **അനുവദിച്ചത്** | **നൽകിയത്** | **വകകൊള്ളിച്ചത്** | **സബ്സിഡി ആവശ്യപ്പെട്ടത്** |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| ആകെ | | | | | | | |

സ്ഥലം :

(ബാങ്കിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പ്)

തീയതി/ ബാങ്കിന്റെ മുദ്ര

**അനെക്സ്- II**

**3% വാർഷിക നിരക്കിൽ വനിതാ സ്വയം സഹായ സംഘങ്ങളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള അധിക പലിശ ധന സഹായത്തിനുള്ള അപേക്ഷ**

**ബാങ്കിന്റെ പേര്:**

ത്രൈമാസിക തുകയുടെ വിവരണം : ആകെ വായ്പകൾ നൽകിയത്/ പിരിഞ്ഞു കിട്ടാനുള്ളത്(തുക രൂപയിൽ)

| ക്രമ നം | ശാഖ | വനിതാ സ്വയം സഹായ സംഘത്തിന്റെ പേര് | വായ്പാ അക്കൗണ്ട് നം | വായ്പ തുക | പലിശ ധനസഹായം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| | ആകെ | | | | |

മുകളിൽ സൂചിപ്പിച്ച വായ്പകൾ കൃത്യ സമയത്തു തിരിച്ചടച്ചു എന്നും അധിക പലിശ ധനസഹായം വനിതാ സ്വയം സഹായ സംഘങ്ങളുടെ അക്കൗണ്ടുകളിൽ വരവ് വച്ച് വായ്പ കണിശമായി തിരിച്ചടച്ച വനിതാ സ്വയം സഹായ സംഘങ്ങളുടെ യഥാർത്ഥ പലിശ നിരക്ക് 4 % ആയി കുറച്ചിരിക്കുന്നു.

സ്ഥലം :

(ബാങ്കിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പ്)

തീയതി/ ബാങ്കിന്റെ മുദ്ര

**അനെക്സ് III**

**ദീൻ ദയാൽ അന്ത്യോദയ പദ്ധതി- ദേശീയ നഗര ഉപജീവന മിഷൻ (DAY-NULM) ലക്ഷ്യങ്ങൾ - പ്രസ്താവന**

ബാങ്കിന്റെ പേര് :
റിപ്പോർട്ട് ചെയ്യുന്ന വർഷം
(ലക്ഷ്യം നിർണ്ണയിക്കുന്ന സമയത്തു സമർപ്പിക്കേണ്ടത്)
നമ്പർ യഥാർത്ഥത്തിൽ ... രൂപ ലക്ഷത്തിൽ

| **ക്രമനം** | **സംസ്ഥാനം/ കേന്ദ്ര ഭരണ പ്രദേശം** | **ലക്ഷ്യം- വ്യക്തികൾ (SEP I )** | | **ലക്ഷ്യം- കൂട്ട് സംരംഭങ്ങൾ ( SEP G )** | | | **ലക്ഷ്യം- സ്വയം സഹായ സംഘം - ബാങ്ക് ലിങ്കേജ്** | | | **ആകെ( ലക്ഷ്യം)** | |
|---|---|---|---|---|---|---|---|---|---|---|---|
| | | **എണ്ണം** | **തുക** | **എണ്ണം- ഗ്രൂപ്പുകൾ** | **എണ്ണം- ഗുണഭോക്താക്കൾ** | **തുക** | **എണ്ണം - SHG** | **എണ്ണം- ഗുണഭോക്താക്കൾ** | **തുക** | **ആകെ എണ്ണം** | **ആകെ തുക** |
| 1 | ആൻഡമാൻ & നിക്കോബാർ | | | | | | | | | | |
| 2 | ആന്ധ്ര പ്രദേശ് | | | | | | | | | | |
| 3 | അരുണാചൽ പ്രദേശ് | | | | | | | | | | |
| 4 | അസം | | | | | | | | | | |
| 5 | ബീഹാർ | | | | | | | | | | |
| 6 | ചണ്ഡീഗഡ് | | | | | | | | | | |
| 7 | ഛത്തിസ്ഗർ | | | | | | | | | | |
| 8 | ദാദ്ര & നഗർ ഹവേലി | | | | | | | | | | |
| 9 | ദാമൻ & ഡിയു | | | | | | | | | | |
| 10 | ഡൽഹി | | | | | | | | | | |
| 11 | ഗോവ | | | | | | | | | | |
| 12 | ഗുജറാത്ത് | | | | | | | | | | |
| 13 | ഹരിയാന | | | | | | | | | | |
| 14 | ഹിമാചൽ പ്രദേശ് | | | | | | | | | | |
| 15 | ജമ്മു & കാശ്മീർ | | | | | | | | | | |
| 16 | ജാർഖണ്ഡ് | | | | | | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 17 | കർണാടകം | | | | | | | | | | |
| 18 | കേരളം | | | | | | | | | | |
| 19 | ലക്ഷദ്വീപ് | | | | | | | | | | |
| 20 | മധ്യ പ്രദേശ് | | | | | | | | | | |
| 21 | മഹാരാഷ്ട്ര | | | | | | | | | | |
| 22 | മണിപ്പൂർ | | | | | | | | | | |
| 23 | മേഘാലയ | | | | | | | | | | |
| 24 | മിസോറം | | | | | | | | | | |
| 25 | നാഗാലാൻഡ് | | | | | | | | | | |
| 26 | ഒറീസ | | | | | | | | | | |
| 27 | പുതുശ്ശേരി | | | | | | | | | | |
| 28 | പഞ്ചാബ് | | | | | | | | | | |
| 29 | രാജസ്ഥാൻ | | | | | | | | | | |
| 30 | സിക്കിം | | | | | | | | | | |
| 31 | തമിഴ്നാട് | | | | | | | | | | |
| 32 | തെലുങ്കാന | | | | | | | | | | |
| 33 | ത്രിപുര | | | | | | | | | | |
| 34 | ഉത്തരാഖണ്ഡ് | | | | | | | | | | |
| 35 | ഉത്തർ പ്രദേശ് | | | | | | | | | | |
| 36 | വെസ്റ്റ് ബംഗാൾ | | | | | | | | | | |
| | | | | | | | | | | | |
| ആകെ | | | | | | | | | | | |

**അനെക്സ് IV**

## ദീൻ ദയാൽ അന്ത്യോദയ പദ്ധതി- ദേശീയ നഗര ഉപജീവന മിഷൻ (DAY-NULM)

കൂടി കൂടി വരുന്ന അഭിവൃദ്ധിയുടെ ത്രൈമാസിക വിവരണം

ബാങ്കിന്റെ പേര് :

റിപ്പോർട്ട് ചെയ്യുന്ന വർഷം

റിപ്പോർട്ട് ചെയ്യുന്ന ത്രൈമാസികം

എണ്ണം യഥാർത്ഥത്തിൽ … രൂപ ലക്ഷത്തിൽ

| ക്രമ നം | സംസ്ഥാനം/ കേന്ദ്ര ഭരണ പ്രദേശം | വ്യക്തികൾക്ക് നൽകിയ വായ്പ (SEP- I ) | | കൂട്ട് സംരംഭങ്ങൾക്ക് നൽകിയ വായ്പ ( SEP- G ) | | | സ്വയം സഹായ സംഘം - ബാങ്ക് ലിങ്കേജ് കൾക്ക് നൽകിയ വായ്പ | | | SHG കളിൽ സ്ത്രീകളുടെ സംഘങ്ങൾക്ക് നൽകിയ വായ്പ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം - ഗ്രൂപ്പുകൾ | എണ്ണം - ഗുണഭോക്താക്കൾ | തുക | എണ്ണം - SHG | എണ്ണം - ഗുണഭോക്താക്കൾ | തുക | സ്ത്ര സംഘങ്ങളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
| 1 | ആൻഡമാൻ & നിക്കോബാർ | | | | | | | | | | | |
| 2 | ആന്ധ്ര പ്രദേശ് | | | | | | | | | | | |
| 3 | അരുണാചൽ പ്രദേശ് | | | | | | | | | | | |
| 4 | അസം | | | | | | | | | | | |
| 5 | ബീഹാർ | | | | | | | | | | | |
| 6 | ചണ്ഡീഗഡ് | | | | | | | | | | | |
| 7 | ഛത്തിസ്ഗർ | | | | | | | | | | | |
| 8 | ദാദ്ര & നഗർ ഹവേലി | | | | | | | | | | | |
| 9 | ദാമൻ & ഡിയു | | | | | | | | | | | |
| 10 | ഡൽഹി | | | | | | | | | | | |
| 11 | ഗോവ | | | | | | | | | | | |
| 12 | ഗുജറാത്ത് | | | | | | | | | | | |
| 13 | ഹരിയാന | | | | | | | | | | | |
| 14 | ഹിമാചൽ പ്രദേശ് | | | | | | | | | | | |
| 15 | ജമ്മു & കാശ്മീർ | | | | | | | | | | | |
| 16 | ജാർഖണ്ഡ് | | | | | | | | | | | |
| 17 | കർണാടകം | | | | | | | | | | | |
| 18 | കേരളം | | | | | | | | | | | |
| 19 | ലക്ഷദ്വീപ് | | | | | | | | | | | |
| 20 | മധ്യ പ്രദേശ് | | | | | | | | | | | |
| 21 | മഹാരാഷ്ട്ര | | | | | | | | | | | |
| 22 | മണിപ്പൂർ | | | | | | | | | | | |
| 23 | മേഘാലയ | | | | | | | | | | | |
| 24 | മിസോറം | | | | | | | | | | | |
| 25 | നാഗാലാൻഡ് | | | | | | | | | | | |
| 26 | ഒറീസ | | | | | | | | | | | |
| 27 | പുതുശ്ശേരി | | | | | | | | | | | |
| 28 | പഞ്ചാബ് | | | | | | | | | | | |
| 29 | രാജസ്ഥാൻ | | | | | | | | | | | |
| 30 | സിക്കിം | | | | | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 31 | തമിഴ്നാട് | | | | | | | | | | | |
| 32 | തെലുങ്കാന | | | | | | | | | | | |
| 33 | ത്രിപുര | | | | | | | | | | | |
| 34 | ഉത്തരാഖണ്ഡ് | | | | | | | | | | | |
| 35 | ഉത്തർ പ്രദേശ് | | | | | | | | | | | |
| 36 | വെസ്റ്റ് ബംഗാൾ | | | | | | | | | | | |
| ആകെ | | | | | | | | | | | | |

## അനുബന്ധം

| ക്രമ നം | സർക്കുലർ നം | തീയതി | വിഷയം |
|---|---|---|---|
| 1 | ആർപിസിഡി. ജി എസ് എസ് ഡി.സിഓ.ബിസി. നം.26/09.16.03/2014-15 | 14.08.2014 | SJSRY യെ ദേശീയ നഗര ഉപജീവന മാർഗ്ഗ മിഷൻ (NULM) ആയി പുനർ രൂപീകരിക്കുന്നു. |
| 2 | എഫ്ഐഡിഡി. ജി എസ് എസ് ഡി.സിഓ.ബിസി. നം. 57/09.16.003/2014-15 | 28.05.2015 | ദേശീയ നഗര ഉപജീവന മാർഗ്ഗ മിഷൻ (NULM) -റിപ്പോർട്ട് ചെയ്യേണ്ട ഫോർമാറ്റ് |
| 3 | എഫ്ഐഡിഡി. ജി എസ് എസ് ഡി.സിഓ.ബിസി. നം. 22/09.16.03/2015-16 | 07.04.2016 | ദീൻദയാൽ അന്ത്യോദയ യോജന (DAY)- ദേശീയ നഗര ഉപജീവന മാർഗ്ഗ മിഷൻ (NULM)- പുനർ നാമകരണം ചെയ്യുന്നു |
| 4 | എഫ്ഐഡിഡി. ജി എസ് എസ് ഡി.സിഓ.ബിസി. നം. 04/09.16.03/2016-17 | 01.07.2016 | ദീൻദയാൽ അന്ത്യോദയ യോജന (DAY)- ദേശീയ നഗര ഉപജീവന മാർഗ്ഗ മിഷൻ (NULM) |
| 5 | എഫ്ഐഡിഡി. ജി എസ് എസ് ഡി.സിഓ.ബിസി. നം. 03/09.16.03/2017-18 | 01.07.2017 | ദീൻദയാൽ അന്ത്യോദയ യോജന (DAY)- ദേശീയ നഗര ഉപജീവന മാർഗ്ഗ മിഷൻ (NULM) |
| 6 | എഫ്ഐഡിഡി. ജി എസ് എസ് ഡി.സിഓ.ബിസി. നം. 11/09.16.03/2018-19 | 06.12.2018 | ദീൻദയാൽ അന്ത്യോദയ യോജന (DAY)- ദേശീയ നഗര ഉപജീവന മാർഗ്ഗ മിഷൻ (NULM) |